# ദൈവരാജ്യം

## കോതമംഗലം രൂപതാബുള്ളറ്റിൻ

ܕܘܟܪܢܐ ܕܡܪܝ

ܬܐܘܡܐ ܫܠܝܚܐ ܕܡܪܢ ܡܪܝ



SEASON OF SUMMER

ജൂലൈ 2026 വാല്യം 65 ലക്കം 07



**കോതമംഗലം രൂപതയുടെ വികാരി ജനറാൾ**

**മോൺ. കുര്യാക്കോസ് കൊടകല്ലിൽ അച്ചന്**

**രൂപതാകുടുംബത്തിന്റെ**

**നാമഹേതുക തിരുനാൾ ആശംസകൾ**

15 ജൂലൈ 2026

# ദൈവരാജ്യം

## കോതമംഗലം രൂപതാബുള്ളറ്റിൻ

2026 വാല്യം 65 ലക്കം 7

| | |
|---|---|
| PATRON | Mar George Madathikandathil<br>Bishop of Kothamangalam |
| EDITOR | Rev. Fr. Jose Kulathoor |
| PRINTER & PUBLISHER | Rev. Dr. George Thekkekara |

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306, bishophouseklm@gmail.com

# ഉള്ളടക്കം

2026 വാല്യം 65 ലക്കം 7
കോതമംഗലം രൂപതാബുള്ളറ്റിൻ

| | |
|---|---|
| ഇടയലേഖനം – സഭാദിനം | 05 |
| യുവജനദിനം – സർക്കുലർ | 11 |
| രൂപതക്കച്ചേരി | 15 |
| Odisha Mission | 20 |
| മൈനർ സെമിനാരി | 21 |
| വിജ്ഞാനഭവൻ | 22 |
| Corporate Educational Agency | 26 |
| Nirmala Civil Service Academy | 28 |
| സോഷ്യൽ സർവീസ് | 30 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പ മിഷൻലീഗ് | 34 |
| കെ.സി.എസ്.എൽ | 39 |
| ഫാമിലി അപ്പോസ്തലേറ്റ് | 39 |
| പ്രവാസി അപ്പോസ്തലേറ്റ് | 40 |
| പ്രോലൈഫ് | 41 |
| പിതൃവേദി | 41 |
| മാതൃവേദി | 42 |
| യൂദിത്ത് മിനിസ്ട്രി | 43 |
| മദ്യവിരുദ്ധ സമിതി | 44 |
| ഡി. എഫ്.സി. | 45 |
| യുവദീപ്തി – KCYM | 47 |
| ജീസസ് യൂത്ത് | 48 |
| St. Vincent De Paul Society | 49 |
| കേരള ലേബർ മൂവ്മെന്റ് | 51 |
| നെസ്റ്റ് പ്രോഗ്രാം | 52 |
| തിരുനാൾ മംഗളങ്ങൾ | 52 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 53 |
| Bishop’s Engagements | 56 |
| നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം | 57 |
| നിര്യാതരായി | 57 |

Prot. No. 0444/2026

# ഇടയലേഖനം

## ദുക്റാനതിരുനാൾ - സഭാദിനം 2026

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. "നമുക്കും അവനോടൊപ്പം പോയി മരിക്കാം"(യോഹ, 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാ ശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നൽകുന്നതിനായി ഇവിടെ വരികയും എ.ഡി 72 ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജിവിക്കുന്ന ഭാരതത്തിലെ സഭാസമുഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയതി ആത്മീയ സ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു

രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് "തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി" (Homilie in Evangelica, 26.7) എന്നു മഹാനായ വി, ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകക്കുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, 'മാനവമഹത്വം' (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രിക ലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: "മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽനിന്നുള്ള ദാനമാണ് (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രിക ലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടു

ത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ,'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോൽപ്പിക്കാനും ആവശ്യമായ വിവേ ചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തു നിൽക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനംചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവ മനുഷ്യ നഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം. 1).

വിശ്വാസത്തിന്റെ ആദ്യ പാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപ്പെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപക

ടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. മൊബൈൽഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതികവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ ഡിജിറ്റൽ ഉപവാസം (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർത്ഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്; “സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസീസമൂഹമെന്ന നിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ

ശ്രദ്ധ കാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷ പ്രഘോഷണ സംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വംനൽകിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്കു നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാസ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരി

ക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യം നല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട് ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചുവസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 4223/K-5/KCBC/OL/DS 15.06.2026

# 2026 ജൂലൈ 5 യുവജനദിനം: കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവ്വം ചേർത്തു പിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന് വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷ ദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹത്തിനും ക്രിയാത്മക സംഭാവനകൾ നല്കുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കത്തോലിക്കാസഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തുസൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവക തലങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമികതയും ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജനതയുടെ വ്യക്തമായ

നിലപാടുകളും പ്രതികരണങ്ങളും ലോകമനസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നുവരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാ സഭ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിറുത്തി 'ഫ്രാൻസിസ്കൻ വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നു നിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ടപ്രപഞ്ചത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ.ഐ സാങ്കേതികവിദ്യയെക്കുറിച്ച് പരിശുദ്ധ ലിയോ പാപ്പ തന്റെ ഏറ്റവും പുതിയ ചാക്രികലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധനങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗതിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനെയും ഹനിക്കുന്ന രീതിയിലേക്ക് തരംതാഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ അടിമകളാകാതെ, കൃത്രിമബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തനനിരതരാകാൻ യുവജന സംഘടനകൾ മുന്നോട്ട് വരണം. അതോ

ടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യകുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ, വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരത സഭ അഭീമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജന സംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളിലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിത ദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ-കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജനദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വ

ത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ചാണ് നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതല സംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും, യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക-രൂപതാ തലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

യുവജനദിനത്തോടനുബന്ധിച്ച് നമ്മുടെ ദേവാലയങ്ങളിൽ എടുക്കുന്ന പ്രത്യേക സ്തോത്രകാഴ്ച കേരളസഭയിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. നമ്മുടെ യുവതലമുറയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായുള്ള പദ്ധതികൾക്ക് കരുത്തുപകരാൻ ഈ സ്തോത്രകാഴ്ച പതിവുപോലെ കെസിബിസിയുടെ കേന്ദ്ര കാര്യാലയമായ പിഒസിയിലേക്ക് അയച്ചു തരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വിശുദ്ധ കാർലോ അക്യുട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മാധ്യസ്ഥ്യം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

N.B. 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *58/2026* മാസധ്യാനം

എല്ലാ ഫൊറോനകളിലെയും മാസധ്യാനത്തിൽ സാധിക്കുന്നതുപോലെ അതിൽ അഭിവന്ദ്യ പിതാവും ബഹു. ജനറാളച്ചന്മാരും പങ്കെടുക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ അഭിവന്ദ്യ പിതാവിനോടും ജനറാളച്ചന്മാരോടും കൂടിയാലോചിച്ച് മാസധ്യാനത്തിന്റെ തീയതിയും സമയവും ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

എല്ലാ ഫൊറോനയിലെയും മാസധ്യാനത്തെ സംബന്ധിച്ച റിപ്പോർട്ടും മാസധ്യാനത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റും ബഹു. ഫൊറോന വികാരിയച്ചന്മാർ അതാതുമാസം രൂപതക്കച്ചേരിയിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഓരോ ഫൊറോനയിലും മാസധ്യാനത്തോടനുബന്ധിച്ച് അതാതുമാസം ചരമവാർഷികം അനുസ്മരിക്കുന്ന നമ്മുടെ സഹോദര വൈദികർക്കുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുന്നതും ഉചിതമായിരിക്കും.

*Syncellus*

## C. *59/2026* സഭാദിന പിരിവ്

ജൂലൈ 3 നോ അത് കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ സഭാദിന പിരിവ് എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Syncellus*

## C. *60/2026* Annual Retreat for Priests

The list of the participants in each batch is given below. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia.

Rev. Fathers are requested to fulfil the following Mass intentions and report to the Curia on or before the 31st of December 2026.

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 12 July to Friday, 17 July 2026**

**Retreat Preacher : Fr James Niravath OCD**

1 Adappoor Joseph
2 Arackal Jose
3 Arolichalil Sebastian
4 Avarappattu Paul
5 Charanal Joseph
6 Chatholil John
7 Chemparathy George
8 Chettoor Justin
9 Chiraparambil Jose
10 Choorathotty James
11 Inchaplackal Paul
12 Kakkuzhy James
13 Kanayankal John
14 Kanimattathil Sebastian
15 Kanjirakombil Jose
16 Kannadan Francis
17 Kapiarumalayil Joseph
18 Karakunnel Joseph
19 Karikunnel Francis
20 Keeranpara Francis
21 Kochumundanmalayil Mathew
22 Kochuparambil Joseph Jr
23 Kochuparambil Joseph Sr
24 Kochupurackal Mathew Jr
25 Kochuputhenpurayil Joseph
26 Kodakallil Msgr. Kuriakose
27 Konthempillil Sebastian
28 Koonanickal Jose
29 Koonanickal Joseph
30 Kottarathil Thomas
31 Kunnath Scaria
32 Kunnel Stanislaus
33 Kunumpurathu Joseph Sr
34 Madathil Joseph Jr
35 Madathil Joseph Sr
36 Makkolil Thomas
37 Malekandathil Msgr Pius
38 Malieckal Mathews
39 Maliyeckal Antony
40 Manjakkadambil Cyriac
41 Maruthwamalayil Antony
42 Matheckal George
43 Mlakuzhiyil Michael
44 Monippilly Jose
45 Mulanjanany Joseph
46 Mundackal Emmanuel
47 Mundackal John
48 Mundunadayil Joseph
49 Muringamattathil John
50 Muttathukudiyil Antony

51 Namattathil Sebastian
52 Nanthalath Mathews
53 Nedumkallel George
54 Nedumpuram Joseph
55 Nedumpurathu Paul
56 Nedumthadathil Paulose
57 Niravath Joseph
58 Niravathinal Abraham
59 Njaliparambil Antony
60 Onelil John
61 Oroplackal Johnson
62 Ovelil Antony
63 Pallikunnel George
64 Panachikal James
65 Pannarakunnel Sebastian
66 Parackal Abraham
67 Parayidom Thomas
68 Paremman Peter
69 Peechanikunnel George
70 Pichappillil John
71 Ponneth Joseph
72 Pothanamuzhi Sebastian
73 Pothoor Jose
74 Pulickal Joseph (Sr)
75 Pulimalayil Antony
76 Pullan George
77 Pulparambil Jose
78 Punnamattathil Scaria
79 Puthenkulam Antony
80 Thadikkattu Geo
81 Thalappillil Jacob
82 Thanathuparambil George
83 Thanickal Joseph
84 Thanikunnel Alex
85 Thekkumkattil Mathew
86 Thozhalay Mathew
87 Vadakkel George
88 Valiyathazhathu Sebastian
89 Valloppillil Sebastian
90 Vattakuzhy Jose
91 Vattappillil Jacob
92 Vattathottathil Thomas
93 Vellamkunnel Emmanuel
94 Vilanguparayil Thomas

**SECOND BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 19 July to Friday, 24 July 2026**

**Retreat Preacher : Fr Joseph Kaduppil**

1 Aikkaramattam James
2 Akkapadickal Paul
3 Alappatt Francis
4 Arackal James
5 Athickal Joseph
6 Athickal Mathew
7 Chemparathy Manuel
8 Cheruparambil Thomas
9 Chettoor George
10 Choorathotty Paul
11 Edathotty Paul
12 Edattu Mathew
13 Edattu Mathews
14 Ezhanikatt James
15 Kadavan John
16 Kadukanmackal George
17 Kalapurackal Jose
18 Kalathoor Paul
19 Kallarackal Joseph
20 Kallarackal Thomas
21 Kannadan Varghese
22 Kannampalliyil Kuriakose

23 Karakombil Paul
24 Karakunnel George
25 Kizhakel Jose
26 Kochupurackal Mathew Sr
27 Koithanath Joseph
28 Konickal Mathew
29 Kulathoor Jose
30 Kunchirakkattu Joseph
31 Kunnamkulathil Emmanuel
32 Kunnappillil Jose
33 Kureekkattil Kurian
34 Kurisummoottil George
35 Madathiparambil Francis
36 Mailackachalil Paul
37 Mammoottil George
38 Mandapathil Varkey
39 Marappillil George
40 Moolasseril Nicholas
41 Moolayil Andrews
42 Moorkkattil Jose
43 Mundackal Joseph Jr
44 Mundackal Joseph Sr
45 Mundackal Mathew Jr
46 Mundackal Mathew M
47 Mundackal Mathew Sr
48 Mundolickal James
49 Nedungattu Msgr Vincent
50 Nirappel Augustine
51 Padinjarekkuttu Augustine
52 Palackamattathil George
53 Pallikkunnel Georgy
54 Parackanal James
55 Parankimalil George
56 Parathazham Paul
57 Pazhayapeedikayil Johnson
59 Peechattu Joseph
58 Peringarappillil Sotter
60 Pichalakkattu Manuel
61 Pittappillil Francis
62 Poovathumkal Thomas
63 Pothanamuzhi Thomas
64 Pottackal George
65 Pulickal Joseph Jr
66 Pulloppillil Jose
67 Puthenkulam Mathew
68 Puthumanathottiyil George
69 Ramanattu Mathew
70 Rathappillil Jacob
71 Thachil George
72 Tharappil Mathew
74 Thekkeattath George
73 Thekkekkara George
75 Thottathimyalil Mathew
76 Thumbamattathil Sebastian
77 Vadakkedath Joseph
78 Vadakken John
79 Vadakkumparambil Jacob
80 Vallomkunnel George
81 Vattakkatt Augustine
82 Vellappillil Sebastian
83 Vettikkuzhichalil Joseph
84 Vilanguparayil Paul
85 Vilayappillil Antony

*Syncellus*

### *C.61/2026* കൈക്കാരന്മാരുടെ മീറ്റിംഗ്

ഈ വർഷം കൈക്കാരന്മാരായി ചുമതലയേറ്റവരുടെ മീറ്റിംഗ് 2026 ജൂലൈ 25-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ

ഉച്ചക്ക് 1.00 മണിവരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത യോഗത്തിലേക്ക് പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Syncellus*

*C.62/2026* **Remittance of Thirattu Fees - First Instalment**

All Parish Priests are hereby reminded that the First Instalment of Thirattu Fee will become due by the end of July 2026. You are hereby requested to remit the same by the due dates. Remittance of Thirattu fees have to be made by Account Payee crossed Cheques favouring Bishop's House Kothamangalam only or to the Account of Bishop’s House Kothamagalam as NEFT. The account details are given below.

Account Name: Bishop's House Kothamangalam
Account number :190701000002222
IFSC:IOBA0001907
Bank: Indian Overseas Bank, Kothamangalam

*Finance Officer*

*C.63/2026* **പത്രോസിന്റെ കാശുപിരിവ്**

എല്ലാ പള്ളികളും പത്രോസിന്റെ കാശുപിരിവിനു ലഭിച്ച തുക cheque (favouring Diocese of Kothamangalam) അല്ലെങ്കിൽ ബാങ്ക് ട്രാൻസ്ഫർ ആയി നൽകണമെന്ന് ഓർമിപ്പിക്കുന്നു. തുക cash ആയി സ്വീകരിക്കുന്നതല്ല.

Account name : Diocese of Kothamangalam
Account number : 191601000003243
IFSC: IOBA0001916
Bank: Indian Overseas Bank, Muvattupuzha

ബാങ്ക് ട്രാൻസ്ഫർ ആയി തുക അയയ്ക്കുന്ന എല്ലാവരും അയച്ച തുകയുടെ details നിർബന്ധമായും അക്കൗണ്ട് ഓഫീസിലെ നമ്പറിലേക്കോ (7012286300), Procurator അച്ചനെയോ അറിയിക്കേണ്ടതാണ്.

*Finance Officer*

## പള്ളിയിൽ അറിയിക്കാൻ


| | | |
|---|---|---|
| യുവജന കമ്മീഷൻ സർക്കുലർ | Page | 11 |
| സഭാദിന പിരിവ് | Page | 15 |
| വൈദികരുടെ വാർഷികധ്യാനം | Page | 15 |
| ലോഗോസ് ക്വിസ് | Page | 25 |


## തിരുനാളുകൾ

**ജൂലൈ**

03 മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ
11 വി. ബനഡിക്ട്
15 വി. കുര്യാക്കോസ്
വി. ജൂലിറ്റാ
16 കർമ്മല മാതാവ്
22 വി. മഗ്ദലേന മറിയം
25 വി. യാക്കോബ് ശ്ലീഹാ
26 വി. യോവാക്കിം, വി. അന്നാ
28 വി. അൽഫോൻസാ
31 വി. ഇഗ്നേഷ്യസ് ലയോള

# Jeevajyothi Mission Utkela, Odisha

*OM 17 /2026* **മിഷനറിമാർക്ക് സ്വാഗതം**

ഉത്കല മിഷനിൽ സേവനത്തിനായി നമ്മുടെ രൂപതയിൽ നിന്നും മൈലാടിയത്ത് ബഹു. ജോസച്ചനും, പാറമേൽ ബഹു. വർഗീസച്ചനും, മാറാട്ടിൽ ബഹു. പോൾസണച്ചനും സ്ഥലം മാറി വന്നു. ഈ വർഷം വൈദികവസ്ത്രം സ്വീകരിച്ച ആൽബർട്ട് ചെരുവുകാലയിൽ, ജോസ് ഇമ്മാനുവേൽ കോളശ്ശേരിയിൽ, വർഗീസ് മാപ്പിളകുന്നേൽ, ഫ്രാൻസിസ് പുരയിടത്തിൽ എന്നിവർ ഒരു വർഷത്തെ മിഷൻ ഫോർമേഷനായി ഇവിടെ എത്തിച്ചേർന്നു. ഇവരുടെ പുതിയ ദൗത്യത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

*OM 18 /2026* **ദൈവാലയ നിർമ്മാണം**

നമ്മുടെ വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിനായി കീരം പാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ നേതൃത്വത്തിൽ പുതുതായി പണിയുന്ന പള്ളിയുടെ തറക്കല്ലിടീൽ കർമം രൂപത വികാരി ജനറാൾ മോൺ. വിൻസെന്റ് നെടുങ്ങാട്ട് നിർവഹിച്ചു. കീരംപാറ പള്ളി വികാരി ഫാ. മാത്യു കൊച്ചുപുരയ്ക്കൽ, ഉത്കല മിഷനിലെ വൈദികർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ് എന്നിവരും പ്രസ്തുത കർമ്മത്തിൽ പങ്കുചേർന്നു.

*OM 19 /2026* **Land Purchase**

ജീവ ഭവനോട് ചേർന്ന് കിടക്കുന്ന 78 സെന്റ് വിസ്തീർണമുള്ള ഒരു പ്ലോട്ട് കൂടി മിഷൻ പ്രവർത്തനത്തിനായി വാങ്ങിച്ചു. അതിനു സാമ്പത്തിക സഹായം നൽകിയ വിവിധ ഇടവകകൾക്ക് പ്രത്യേകം നന്ദി.

*OM 20 /2026* **Odia Language Course**

കാണ്ടമാൽ ജില്ലയിലെ ബലിഗുഡയിൽ നവമിഷനറിമാർക്കായി സംഘടിപ്പിച്ച Language Course -ൽ വൈദികരും ബ്രദേഴ്സും പങ്കെടുത്തു.

*OM 21 /2026* **മിഷന് സാമ്പത്തിക സഹായം നല്കിയവർ**

| | | | |
|---|---|---|---|
| 1. | St. Sebastian's Church Keerampara | ₹ | 500000 |
| 2. | St. George Forane Church Muthalakodam | ₹ | 400000 |
| 3. | St. Sebastian's Church Anicadu | ₹ | 200000 |
| 4. | A Benefactor | ₹ | 10000 |
| 5. | Tess Maria Mathews Kalpakassery | ₹ | 10000 |
| 6. | Catherine George Namattathil | ₹ | 5000 |
| 7. | N F Ulahannan, Nattiseril, Purapuzha | ₹ | 100000 |

## മൈനർ സെമിനാരി

*MS 9 /2026* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mr Polachan Paulose | ₹ | 51200 |
| 2 | Mr Paul Joseph | ₹ | 12800 |

| | | | |
|---|---|---|---|
| 3 | Fr Joseph Pinakkatt | ₹ | 20480 |
| 4 | Fr Jinesh Vandanakara | ₹ | 12800 |
| 5 | Mr Thomas George | ₹ | 100000 |
| 6 | Mr Robin Mathew | ₹ | 20000 |
| 7 | Mr. George Jospeh Mannamthuruthiyil | ₹ | 1000 |
| 8 | Mrs Daisy M Thomas | ₹ | 1000 |
| 9 | Mr. Francis Thomas Pichappillil | ₹ | 3000 |
| 10 | Mr Sebastian Joseph | ₹ | 1000 |
| 11 | One Benefactor | ₹ | 10000 |
| 12 | Mr Bibin Skaria | ₹ | 50000 |
| 13 | Mrs Dona Maria Mathew | ₹ | 6000 |
| 14 | Mr Rajeev Thomas | ₹ | 5000 |
| 15 | One Benefactor | ₹ | 5000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

## വിജ്ഞാനഭവൻ

*V. 67/2026* **അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം**

2026-27 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം മെയ് 31-ാം തീയതി ഞായറാഴ്ച കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു.

*V. 68/2026* **വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂൺ മാസം 13-ാം തീയതി, ശനിയാഴ്ച വാഴക്കുളം, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1739 പേർ പങ്കെടുത്തു.

*V.69/2026* **A ഗ്രേയ്ഡ് നേടിയ സൺഡേ സ്കൂളുകൾ**

ആരക്കുഴ, അരിക്കുഴ, കോതമംഗലം, ചെപ്പുകുളം, ചിറ്റൂർ, ഏനാനല്ലൂർ, ഏഴല്ലൂർ, ഇഞ്ചൂർ, കദളിക്കാട്, കരിമണ്ണൂർ, കല്ലാനിക്കൽ, കല്ലൂർക്കാട്, കലൂർ, കാവക്കാട്, കീരംപാറ, കോടിക്കുളം, കോലടി, കുട്ടമ്പുഴ, മാലിപ്പാറ, മാതിരപ്പിള്ളി, മേക്കടമ്പ്, മുതലക്കോടം, മൂവാറ്റുപുഴ, നാകപ്പുഴ, നെടിയകാട്, നെടുങ്ങപ്ര, നെല്ലിക്കുഴി, നെല്ലിമറ്റം,

ഞായപ്പിള്ളി, പൈങ്ങോട്ടൂർ, പോത്താനിക്കാട്, തഴവുംകുന്ന്, തെന്നത്തൂർ, തൊടുപുഴ, തൊടുപുഴ ഈസ്റ്റ്, ഉടുമ്പന്നൂർ, വാഴക്കുളം, വടാട്ടുപാറ, വണ്ടമറ്റം, വണ്ണപ്പുറം, വാഴക്കാല, വെളിയേൽച്ചാൽ

### *V.70/2026* **B ഗ്രേയ്ഡ് നേടിയ സൺഡേ സ്കൂളുകൾ**

ആലക്കോട്, അഞ്ചിരി, ആനിക്കാട്, ആയവന, ബസ്ലഹം, ചാലാശ്ശേരി, ചീനിക്കുഴി, ചിലവ്, കടവൂർ, കലയന്താനി, കാരക്കുന്നം, കാളിയാർ, കൊടുവേലി, കോട്ടപ്പടി, കോഴിപ്പിള്ളി, കുണിഞ്ഞി, കുറുപ്പംപടി, മൈലക്കൊമ്പ്, മാറാടി, മാറിക, മീങ്കുന്നം, മുടവൂർ, മുളപ്പുറം, മുള്ളരിങ്ങാട്, മുണ്ടൻമുടി, മൂവാറ്റുപുഴ ഈസ്റ്റ്, നാടുകാണി, നടുക്കര, നെടിയശാല, നീണ്ടപാറ, ഞാറക്കാട്, ഊന്നുകൽ, പള്ളിക്കാമുറി, പരീക്കണ്ണി, പന്നിമറ്റം, പാറപ്പുഴ, പെരിങ്ങഴ, പെരുമ്പിള്ളിച്ചിറ, പെരുമ്പല്ലൂർ, പൊന്നന്താനം, പൂയംകുട്ടി, പുറപ്പുഴ, രാജഗിരി, രണ്ടാർ, തലയനാട്, തോട്ടക്കര, തൃക്കാരിയൂർ, ഉരുളൻതണ്ണി, വാഴപ്പിള്ളി, വേട്ടാമ്പാറ, വെട്ടിമറ്റം.

### *V.71/2026* **A ഗ്രേയ്ഡ് നേടിയ PTA കൾ**

ആരക്കുഴ, അരിക്കുഴ, ഏനാനല്ലൂർ, കോതമംഗലം, കാരക്കുന്നം, കരിമണ്ണൂർ, കീരംപാറ, കുട്ടമ്പുഴ, മൈലക്കൊമ്പ്, മേക്കടമ്പ്, മുതലക്കോടം, മൂവാറ്റുപുഴ, നെടുങ്ങപ്ര, ഞായപ്പിള്ളി, പരീക്കണ്ണി, രണ്ടാർ, തൊടുപുഴ ഈസ്റ്റ്, വണ്ടമറ്റം, വാഴക്കാല, വാഴക്കുളം

### *V.72/2026* **Best Catechism Teachers Award 2025-26**

ജോബി പോൾ വെള്ളാരംകാട്ടിൽ, തോട്ടക്കര<br>
ബിബിൻ വിൻസെന്റ് അരകുന്നേൽ, കാളിയാർ<br>
മഞ്ജു ജോസ് പറയനിലം, ഉടമ്പന്നൂർ<br>
റ്റിഷ മൈക്കിൾ കൈതക്കൽ, വേട്ടാമ്പാറ<br>
ആനീസ് പി.ജെ മടേകുന്നേൽ, കുത്തുങ്കൽ<br>
സജന കെ. ജോർജ് മംഗലത്ത്കരോട്ട്, കലൂർ<br>
എൽസമ്മ പോൾ തച്ചേത്തുപറമ്പിൽ, പുറപ്പുഴ<br>
ബിനു തോമസ് വട്ടക്കുന്നേൽ, വണ്ടമറ്റം<br>
മറിയാമ്മ ജോർജ് കൊറ്റാൻച്ചേരിൽ, മൂവാറ്റുപുഴ ഈസ്റ്റ്<br>
എൽസി സേവ്യർ കുന്നപ്പിള്ളിൽ, നീണ്ടപാറ<br>
ആൻസി ജോർജ് കളത്തിൽ, മുള്ളരിങ്ങാട്<br>
മിനി മൈക്കിൾ പ്ലാത്തോട്ടത്തിൽ, തലയനാട്<br>
പ്രവീൺ തോമസ് ചൂരാപ്പുഴ, കദളിക്കാട്<br>
ഷാജി ജോർജ് പെലകുടിയിൽ, വെളിയേൽച്ചാൽ

## *V.73/2026* Flame Song- 2026

### A Category

I തൊടുപുഴ

II കോതമംഗലം

III മുതലക്കോടം

IV വാഴക്കുളം

V ആരക്കുഴ, കല്ലൂർക്കാട്, കരിമണ്ണൂർ, കലൂർ, കാളിയാർ, കല്ലാനിക്കൽ, മൂവാറ്റുപുഴ, നാകപ്പുഴ, നെടിയകാട്, ഞാറക്കാട്, പൈങ്ങോട്ടൂർ

### B Category

I കോട്ടപ്പടി

II കൊടുവേലി

III തൊടുപുഴ ഈസ്റ്റ്

IV അരിക്കുഴ

V ആലക്കോട്, അഞ്ചിരി, ബസ്സഹം, ചിറ്റൂർ, ഏഴല്ലൂർ, ഇഞ്ചൂർ, കീരംപാറ, കോടിക്കുളം, കുണിഞ്ഞി, കുട്ടമ്പുഴ, മീങ്കുന്നം, മൂവാറ്റുപുഴ ഈസ്റ്റ്, പന്നിമറ്റം, പെരിങ്ങഴ, രണ്ടാർ, വടാട്ടുപാറ, വണ്ടമറ്റം

### C Category

I ഏനാനല്ലൂർ

II കോലടി

III ഞായപ്പിള്ളി

IV പെരുമ്പിള്ളിച്ചിറ

V ചീനിക്കുഴി, മേക്കടമ്പ്, നെല്ലിക്കുഴി, പുന്നമറ്റം, തോട്ടക്കര

## *V.74/2026* INSIGHT

ആധുനിക കാലഘട്ടത്തിൽ കുട്ടികൾക്ക് തങ്ങളെത്തന്നെ തിരിച്ചറിയുവാനും മനസാക്ഷിയുടെ സ്വരം ശ്രവിച്ച് ദൈവം നയിക്കുന്ന വഴിയിലൂടെ ആത്മവിശ്വാസത്തോടെ മുന്നേറുവാനും ഏഴാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കുന്ന പരിശീലനപരിപാടിയാണ് 'INSIGHT'. ഇതിലേക്ക് ഓരോ ഇടവകയിൽനിന്നും 7-ാം ക്ലാസ്സിലെ 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയുമാണ് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടത്.

| | | |
|---|---|---|
| Date | : | July 25, 26 |
| Venue | : | NESTT |
| Registration Fee | : | 600 |

## *V.75/2026* IGNITE

കാലത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ക്രിയാത്മകമായും സർഗ്ഗാത്മകമായും ചിന്തിച്ച് വളരാൻ ഒമ്പതാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കുന്ന പരിശീലന പരിപാടി 'IGNITE' തയ്യാറായിരിക്കുന്നു. ഇതിലേക്ക് ഓരോ ഇടവകയിലും നിന്ന് 9-ാം ക്ലാസ്സിലെ 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടത്.

| | | |
|---|---|---|
| Date | : | August 01, 02 |
| Venue | : | NESTT |
| Registration Fee | : | 600 |

## *V. 76/2026* നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 27, 28 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. 92 പേർ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് കല്ലറയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. രൂപതാ റിസോഴ്സ് ടീമാണ് ക്ലാസ്സുകൾ നയിച്ചത്.

## *V.77/2026* PTA

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി ജൂലൈ 30-നു മുമ്പ് രൂപീകരിച്ച് ലിസ്റ്റ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

## *V.78/2026* വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 40 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ ജൂലൈ 31-ന് മുമ്പ് എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

## *V.79/2026* ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫീസും ലിസ്റ്റും വിജ്ഞാനഭവനിൽ തരേണ്ട അവസാന തീയതി ജൂലൈ 31 ആണ്.

*Director*

# Corporate Educational Agency

*Edn.16/2026* **അഭിനന്ദനങ്ങൾ**

ഈ വർഷവും 10, 12 ക്ലാസ്സുകളിൽ തിളക്കമാർന്ന വിജയം നേടിക്കൊണ്ട് വിദ്യാഭ്യാസ ഏജൻസിയുടെയും സ്കൂളുകളുടെയും കീർത്തി ഒന്നുകൂടി ഉയർത്തിപ്പിടിക്കുവാൻ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥികളെയും നേതൃത്വം നൽകിയ അധ്യാപകരെയും മുന്നിൽനിന്ന് നയിച്ച പ്രധാനാധ്യാപകരെയും പ്രത്യേകം അനുമോദിക്കുന്നു. സ്കൂളുകൾ തിരിച്ചുള്ള റിസൽറ്റ് താഴെ കൊടുക്കുന്നു.

## SSLC RESULT 2026 MARCH

| Sl No. | Name of School | Total appeared | No. of students passed | Per. of Pass | No. of A+ |
|---|---|---|---|---|---|
| 1 | Muthalakodam, SHGHS | 126 | 126 | 100 | 23 |
| 2 | Vazhithala, SSHSS | 108 | 108 | 100 | 11 |
| 3 | Kalloorkad, SAHSS | 62 | 62 | 100 | 5 |
| 4 | Kothamangalam, SGHSS | 211 | 211 | 100 | 16 |
| 5 | Oonnukal, LFHS | 161 | 161 | 100 | 11 |
| 6 | Kaliyar, SMHSS | 114 | 114 | 100 | 6 |
| 7 | Kallanickal, SGHSS | 98 | 98 | 100 | 4 |
| 8 | Thodupuzha, SSHS | 110 | 110 | 100 | 3 |
| 9 | Udumbannoor, SGHS | 97 | 97 | 100 | 2 |
| 10 | Kalayanthani, SGHSS | 108 | 108 | 100 | 1 |
| 11 | Ayavana, SHHSS | 51 | 51 | 100 | 0 |
| 12 | Velielchal, SJHS | 33 | 33 | 100 | 0 |
| 13 | Paynkulam, SRHS | 27 | 27 | 100 | 0 |
| 14 | Kodikulam, SMHS | 17 | 17 | 100 | 0 |
| 15 | Purapuzha, SSHS | 13 | 13 | 100 | 0 |
| 16 | Arakuzha, SMHSS | 11 | 11 | 100 | 0 |
| 17 | Kuninji, SAHS | 9 | 9 | 100 | 0 |
| 18 | Memadangu, SSHS | 9 | 9 | 100 | 0 |
| 19 | Neyyassery, SSHS | 8 | 8 | 100 | 0 |
| 20 | Nakapuzha, SMHS | 4 | 4 | 100 | 0 |
| 21 | Karimannoor, SJHS | 345 | 343 | 99.42 | 32 |
| 22 | Muthalakodam SGHSS | 124 | 123 | 99.19 | 6 |
| | **Total** | **1846** | **1843** | **99.84** | **120** |

## PLUS TWO RESULT 2026 MARCH

| | | | | | |
|---|---|---|---|---|---|
| 1 | Purappuzha SSHSS | 15 | 15 | 100 | 1 |
| 2 | Arakuzha SMHSS | 154 | 147 | 95.45 | 10 |
| 3 | Kothamangalam SGHSS | 283 | 270 | 95.41 | 34 |
| 4 | Karimannoor SJHSS | 277 | 256 | 92.42 | 44 |
| 5 | Muthalakodam SGHSS | 370 | 335 | 90.54 | 60 |
| 6 | Kallanickal SGHSS | 51 | 46 | 90.2 | 1 |
| 7 | Kaliyar SMHSS | 214 | 192 | 89.72 | 25 |
| 8 | Kalloorkad SAHSS | 227 | 195 | 85.9 | 24 |
| 9 | Vazhithala SSHSS | 155 | 132 | 85.16 | 29 |
| 10 | Ayavana SHHSS | 51 | 42 | 82.35 | 0 |
| 11 | Kalayanthani SGHSS | 64 | 47 | 73.44 | 1 |
| | Total | **1861** | **1677** | **90.11** | **229** |

*Edn.17/2026* **School Maintenance Fund May- June -2026**

| Date | School Name | Credit | Debit |
|---|---|---|---|
| 26/05/2026 | SA LPS Kalloorkad | 13098 | |
| 27/05/2026 | SJ HSS Karimannoor | 93718 | |
| 29/05/2026 | SJG HSS Kalayanthani | 60108 | |
| 30/05/2026 | SS HS Thodupuzha | 36432 | |
| 30/05/2026 | SG UPS Pooyamkutty | 4112 | |
| 01/06/2026 | SG UPS Muthalakodam | 58246 | |
| 02/06/2026 | LF UPS Nediakad | 4052 | |
| 02/06/2026 | Mudikkarai | | 365000 |
| 04/06/2026 | Nediyakad | | 54000 |
| 04/06/2026 | Paynkulam | | 315000 |
| 04/06/2026 | Chalassery | | 16000 |
| 04/06/2026 | Muvattupuzha | | 37000 |
| 06/06/2026 | SH GHS Muthalakodam | 113404 | |
| 06/06/2026 | MM UPS Meenmutty | 19672 | |
| 06/06/2026 | SH LPS Ayavana | 4696 | |
| 08/06/2026 | SS LPS Arikuzha | 14980 | |
| 09/06/2026 | SG HS Kalayanthani | 114570 | |
| 09/06/2026 | SS UPS Thodupuzha | 55245 | |
| 09/06/2026 | Kalloorkad | | 520000 |
| 09/06/2026 | Karimannoor | | 215000 |
| 10/10/2026 | SM HSS Arakuzha | 93692 | |

| | | | |
|---|---|---|---|
| 12/06/2026 | LF UPS Nediyakad | 4052 | |
| 12/06/2026 | SG HSS Kothamangalam | 73286 | |
| 13/06/2026 | LF LPS Oonnukal | 24700 | |
| 16/06/2026 | SS HSS Vazhithala | 13962 | |
| 17/06/2026 | SS HSS Vazhithala | 49116 | |
| 20/06/2026 | SJ HS Karimannoor | 48998 | |
| 20/06/2026 | SM HSS Kaliyar | 157376 | |
| 20/06/2026 | SH HS Ayavana | 32352 | |
| 20/06/2026 | HF LPS Karimannoor | 6142 | |
| 20/06/2026 | VJ UPS Chalassery | 2190 | |
| 20/06/2026 | FM UPS Malippara | 9668 | |
| 20/06/2026 | Velielchal | | 90000 |
| 24/06/2026 | SJ HSS Karimannoor | 45756 | |

*Edn.18/2026* **മിനിമം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ**

മിനിമം കുട്ടികളില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത ഫോമിൽ തയ്യാറാക്കി ജൂലൈ മാസം 25 ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Edn.19/2026* **സ്കൂൾ മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി 2025-26 വർഷം നടത്തിയ അറ്റകുറ്റപ്പണികളുടെ ബില്ല്, വൗച്ചർ എന്നിവ ജൂലൈ 15 ന് മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്. മെയ് 15 വരെയുള്ള ബില്ലുകളും വൗച്ചറുകളും മാത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്.

*Secretary*

## Nirmala Civil Service Academy

*NiCSA.22 /2026* **MCP- റെഗുലർ ബാച്ചിലേക്കുള്ള രൂപതാതല സ്കോളർഷിപ്പ് പരീക്ഷ**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 2027 ൽ നട

ക്കാനിരിക്കുന്ന സിവിൽ സർവീസ് പരീക്ഷയ്ക്ക് ഒരുക്കമായുള്ള കോച്ചിംഗ് ക്ലാസ്സിലേക്കുള്ള രൂപതാതല സ്കോളർഷിപ്പ് പരീക്ഷക്കായി ഡിഗ്രി /പിജി കഴിഞ്ഞ വിദ്യാർത്ഥികൾക്കു രജിസ്റ്റർ ചെയ്യാവുന്നതാണ്. കോതമംഗലം രൂപതയിലെ കത്തോലിക്ക വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

ഒന്നാം റാങ്ക് ലഭിക്കുന്ന വിദ്യാർത്ഥിക്ക് 100% സ്കോളർഷിപ്പ്, 2 മുതൽ 5 വരെ റാങ്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കു 75% സ്കോളർഷിപ്പ്, 6 മുതൽ 20 വരെ റാങ്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 50% സ്കോളർഷിപ്പ് ആണു ലഭിക്കുക. രജിസ്റ്റർ ചെയ്യാനായി 9496065457, 9562275867 നമ്പറിൽ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ജൂൺ 30.

*NiCSA.23 /2026* **ഫണ്ടമെന്റൽസ് ബാച്ച് 2026-27**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 8 മുതൽ 12 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി നടന്നുവരുന്ന സിവിൽ സർവീസ് കോച്ചിംഗ് പ്രോഗ്രാമായ ഫണ്ടമെന്റൽസ് ബാച്ച് 2026-27 അക്കാദമിക് വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. സിവിൽ സർവീസ് വിഷയങ്ങളായ ഹിസ്റ്ററി, ഇന്ത്യൻ പൊളിറ്റി, ജിയോഗ്രഫി, ഇന്റർനാഷണൽ റിലേഷൻസ്, ഇന്ത്യൻ സെക്യൂരിറ്റി തുടങ്ങിയ സിവിൽ സർവീസ് പരീക്ഷയുടെ പ്രധാനപ്പെട്ട വിഷയങ്ങളും കൂടാതെ പ്രസംഗ പരിശീലനം, ലീഡർഷിപ്പ് ട്രെയിനിംഗ്, മോക്ക് ടെസ്റ്റുകൾ, ഇന്റർവ്യൂ പരിശീലനം തുടങ്ങിയവയും കോഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഫണ്ടമെന്റൽസ് ബാച്ചിന്റെ ഫൈനൽ എക്സാം സിവിൽ സർവീസ് പരീക്ഷ മാതൃകയിൽ ആയിരിക്കും (പ്രിലിംസ്, മെയിൻസ്, ഇന്റർവ്യു).

*NiCSA.24 /2026* **നിർമ്മല കിഡ്സ് 2026-27**

നിർമ്മല സിവിൽ സർവീസ് അക്കാദമി 5 മുതൽ 7 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള സിവിൽ സർവീസ് കോച്ചിംഗ് പ്രോഗ്രാമാണ് നിർമ്മല കിഡ്സ്. പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രസംഗ പരിശീലനം, ട്രെയിനിംഗ് ലൈഫ് സ്കിൽ ഗെയിംസ്, കറണ്ട് അഫയേഴ്സ് ക്ലാസ്സുകൾ, മാത്സ് ക്ലാസ്സുകൾ, ജിയോഗ്രഫി, സയൻസ്, ഹിസ്റ്ററി, തുടങ്ങിയ വിഷയങ്ങളും എന്നിവയാണ് കുട്ടികൾക്ക് നൽകുന്നത്.

*NiCSA.25 /2026* **സ്കോളർഷിപ്പ് പരീക്ഷ**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നടക്കുന്ന ഫണ്ടമെന്റൽസ് & നിർമ്മല കിഡ്സ് ബാച്ചിലേക്കുള്ള സ്കോളർഷിപ്പ് പരീക്ഷ ജൂൺ മാസത്തിൽ നടത്തി. അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ആയി

Contact No: 9496065457, 7907119072

*Administrator*

## സോഷ്യൽ സർവീസ്

*SS. 35/2026* **ക്രെഡിറ്റ് യൂണിയൻ രൂപത കമ്മിറ്റി**

ക്രെഡിറ്റ് യൂണിയൻ രൂപത കമ്മിറ്റി യോഗം KSSS ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു. എല്ലാ ഇടവകകളിലും സ്വയം സഹായ സംഘങ്ങൾ ആരംഭിക്കുന്നതിനും KSSS ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു.

*SS. 36/2026* **വനിതാ വികസന കോർപ്പറേഷൻ വായ്പ വിശദീകരണം**

സംസ്ഥാന സർക്കാരിന്റെ ഭാഗമായുള്ള വനിതാ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കുന്നതിനും സംശയനിവാരണത്തിനുമായി കോർപ്പറേഷൻ സ്റ്റാഫ് അംഗങ്ങൾ ജൂൺ 25, 26 വ്യാഴം, വെള്ളി ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ കോതമംഗലം ബിഷപ്സ് ഹൗസിലെ KSSS കോൺഫ്രൻസ് ഹാളിൽ ഒരു സിറ്റിംഗ് നടത്തി. കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പയും സ്വയം തൊഴിൽ വായ്പയും ആവശ്യമുള്ള ധാരാളം വനിതകൾ ഈ സിറ്റിംഗിൽ പങ്കെടുത്ത് പ്രയോജനം നേടുകയുണ്ടായി.

*SS. 37/2026* **ലഹരിവിരുദ്ധ ദിനാചരണം നടത്തി**

കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെടെയും മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്തർദേശീയ ലഹരിവിരുദ്ധ ദിനാചരണം നടത്തി. സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനം പ്രിൻസിപ്പാൾ ഫാ.

പോൾ ചൂരത്തൊട്ടി ഉദ്ഘാടനം ചെയ്തു. KSSS പ്രോഗ്രാം കോ ഓഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടം മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തി. 500 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

*SS. 38/2026* **സ്വയം സഹായ സംഘം രൂപീകരണയോഗങ്ങൾ നടത്തി**

KSSS-ന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഇടവകകളിൽ യോഗങ്ങൾ സംഘടിപ്പിച്ചു: ബസ്ലഹം, വെളിയേൽച്ചാൽ, നെടുങ്ങപ്ര, കുണിഞ്ഞി, നെടിയശാല, വാഴക്കുളം, പഴമ്പിള്ളിച്ചാൽ, കീരംപാറ, മാതിരപ്പിള്ളി, അഞ്ചിരി, നെല്ലിക്കുഴി.

*SS. 39/2026* **സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു**

ജൂൺ മാസത്തിൽ വെളിയേൽച്ചാൽ (4), വാഴക്കുളം (5), ബസ്ലഹം (5), നെടുങ്ങപ്ര (1) എന്നിവിടങ്ങളിലായി 15 സ്വയം സഹായസംഘങ്ങൾ രൂപീകരിച്ചു.

*SS.40/2026* **മംഗല്യ സമ്മാൻ പദ്ധതി**

നിർധന കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹസഹായമായി സ്വർണവള നൽകുന്ന മംഗല്യസമ്മാൻ പദ്ധതി വഴി ചിലവ് ഇടവകയിലെ ഒരു കുടുംബത്തിന് ഒരു പവൻ വള നൽകുകയുണ്ടായി.

*SS.41/2026* **ചികിൽസാ സഹായം നൽകി**

2026 മെയ് 20 മുതൽ ജൂൺ 20 വരെ 13 പേർക്ക് 47500 രൂപ ആശാകിരണം പദ്ധതിവഴിയും മറ്റു ചികിൽസകൾക്കായി 11 പേർക്ക് 35500 രൂപയും ഉൾപ്പെടെ ആകെ 83000 രൂപ ചികിൽസാസഹായമായി നൽകുകയുണ്ടായി.

*SS. 42/2026* **LENTEN CAMPAIGN COLLECTION 2026**

| Sl.No | Name of Parish & Congregations | Amount |
|---|---|---|
| 1 | Alakode | 9,000 |
| 2 | Ambikapuram | 4,000 |
| 3 | Anchiri | 3,000 |
| 4 | Arakuzha | 40,700 |
| 5 | Arikuzha | 5,000 |

| | | |
|---|---|---|
| 6 | Ayavana | 7,777 |
| 7 | Bethlehem | 20,000 |
| 8 | Chalassery | 1,000 |
| 9 | Ezhalloor | 13,000 |
| 10 | Inchathotty | 3,000 |
| 11 | Inchoor | 13,000 |
| 12 | Kadalikad | 30,000 |
| 13 | Kalayanthany | 20,000 |
| 14 | Kaliyar | 15,000 |
| 15 | Kallanickal | 25,000 |
| 16 | Kalloorkad | 21,740 |
| 17 | Karimannoor | 30,000 |
| 18 | Keerampara | 10,000 |
| 19 | Koduvely | 6,500 |
| 20 | Kuninji | 5,000 |
| 21 | Kuruppampady | 20,000 |
| 22 | Kuttampuzha | 2,000 |
| 23 | Mailacombu | 10,000 |
| 24 | Malippara | 22,500 |
| 25 | Marika | 15,000 |
| 26 | Mekkadampu | 2,750 |
| 27 | Mundanmudy | 5,000 |
| 28 | Muthalakodam | 55,000 |
| 29 | Muttathupara | 2,400 |
| 30 | Muvattupuzha | 172,500 |
| 31 | Muvattupuzha East | 32,000 |
| 32 | Nediakad | 25,000 |
| 33 | Nedungapra | 9,500 |
| 34 | Nellikuzhy | 7,420 |
| 35 | Nellimattam | 22,520 |
| 36 | Neriamangalam | 4,000 |
| 37 | Neyyassery | 15,000 |
| 38 | Njarakad | 8,000 |
| 39 | Njayappilly | 5,440 |
| 40 | Paingottoor | 25,000 |
| 41 | Pallickamury | 9,000 |
| 42 | Pannimattam | 9,800 |
| 43 | Peringuzha | 20,000 |
| 44 | Perumannoor | 12,550 |
| 45 | Perumballoor | 8,500 |
| 46 | Perumpallichira | 5,000 |

| | | |
|---|---|---|
| 47 | Pothanikad | 12,000 |
| 48 | Rajagiri (Vellallu) | 7,000 |
| 49 | Randar | 7,000 |
| 50 | Thazhuvamkunnu | 10,000 |
| 51 | Thennathoor | 3,000 |
| 52 | Thodupuhza East | 10,000 |
| 53 | Thodupuzha | 35,000 |
| 54 | Thommankuth | 9,476 |
| 55 | Thottakara | 8,000 |
| 56 | Thrikariyoor | 8,000 |
| 57 | Udumbannoor | 20,000 |
| 58 | Urulanthanny | 4,430 |
| 59 | Vadakode | 4,000 |
| 60 | Vandamattam | 7,500 |
| 61 | Vannapuram | 35,000 |
| 62 | Vazhakala | 16,685 |
| 63 | Vazhakulam | 50,000 |
| 64 | Vettimattam | 3,500 |

| SL No. | Convent & Congregation | Amount |
|---|---|---|
| 1 | Association of the Sisters of Destitute | 100,000 |
| 2 | Carmel Sadan Kuruppampady | 1,500 |
| 3 | Carmelite Convent Kothamangalam | 10,000 |
| 4 | Carmelite Convent Vazhakulam | 15,000 |
| 5 | CMC Carmel Hill Karakunnam | 1,000 |
| 6 | CMC Chavara Kothamangalam | 1,000 |
| 7 | CMC Convent Arikuzha | 1,000 |
| 8 | CMC Convent Kallanickal | 2,000 |
| 9 | CMC Convent Karakunnam | 2,000 |
| 10 | CMC Convent Kuruppampady | 3,000 |
| 11 | CMC Convent Kuttampuzha | 1,000 |
| 12 | CMC Convent Malayinkeezhu | 1,500 |
| 13 | CMC Convent Malippara | 2,000 |
| 14 | CMC Convent Muvattupuzha | 4,000 |
| 15 | CMC Convent Nadukani | 1,000 |
| 16 | CMC Convent Nediasala | 1,000 |
| 17 | CMC Convent Nedungapra | 2,000 |
| 18 | CMC Convent Perumballoor | 1,000 |
| 19 | CMC Convent Thodupuzha | 3,000 |
| 20 | CMC Convent Vellallu | 1,000 |
| 21 | CMC Convent Vettimattom | 2,000 |
| 22 | CMC Novitiate House Ramalloor | 1,500 |

| | | |
|---|---|---|
| 23 | CMC Provincial House Kozhippilly | 13,000 |
| 24 | CMC St. Mary's Boarding House Kothamangalam | 1,000 |
| 25 | CMC Vimalabhavan Kothamangalam | 2,000 |
| 26 | Holy Trinity CMC Vazhakulam | 1,000 |
| 27 | Sanjo Bhavan CMC Ramalloor | 2,000 |
| 28 | St. Therasa's CMC Arakuzha | 15,000 |
| 29 | Holy Family Hospital Convent Muthalakodam | 10,000 |
| 30 | Kripajyothy Province CHF Muvattupuzha | 15,000 |
| 31 | S H Provincial House Kothamangalam | 50,000 |
| 32 | SABS St Mary's Province Thodupuzha | 49,200 |

*Director*

## തിരുബാലസഖ്യം

*HC. 6/2026* **രൂപതാ കലോത്സവം**

2026-27 പ്രവർത്തന വർഷത്തിലെ തിരുബാലസഖ്യത്തിന്റെ രൂപതാതല മത്സരങ്ങൾ 2026 ഓഗസ്റ്റ് 8-ാം തീയതി ശനിയാഴ്ച തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നീ റീജിയണുകളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ് കുട്ടികളെ മത്സരങ്ങൾക്ക് ഒരുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ഇടവകയ്ക്ക് 800 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 48/2026* **രൂപതാതല ചെറുസൂനം ക്വിസ് വിജയികൾ**

| | | |
|---|---|---|
| First Prize | - | Avilin Binu കീരംപാറ ശാഖ |
| Second Prize | - | Jiya Siju വെളിയേൽച്ചാൽ ശാഖ |
| Third Prize | - | Sera Shibu നാകപ്പുഴ ശാഖ |
| | - | Thommy Chandrankunnel തൊടുപുഴ ശാഖ |

*CML 49/2026* **രൂപതാതല കയ്യെഴുത്തു മാസിക വിജയികൾ**

| | | |
|---|---|---|
| First Prize | - | ആരക്കുഴ ശാഖ |
| Second Prize | - | ഞായപ്പിള്ളി ശാഖ |
| Third Prize | - | പൈങ്ങോട്ടൂർ ശാഖ |

*CML 50/2026* **രൂപതാ തല പ്രവർത്തന വർഷ ഉദ്ഘാടനം**

2026-27 പ്രവർത്തന വർഷത്തെ രൂപതാ തല പ്രവർത്തന വർഷ ഉദ്ഘാടനം ജൂൺ 14 ഞായറാഴ്ച നെടിയകാട് ലിറ്റിൽ ഫ്ളവർ പള്ളിയിൽ വച്ച് നടന്നു.

*CML 51/2026* **മേഖലാ വാർഷികം, കൗൺസിൽ**

ജൂൺ 21, 28 എന്നീ തീയതികളിലായി മിഷൻ ലീഗിന്റെ 7 മേഖലകളിലെയും കൗൺസിൽ യോഗം അതാത് മേഖല കേന്ദ്രങ്ങളിൽ വച്ച് നടന്നു. മേഖല ഭാരവാഹികൾ കൗൺസിലിന് നേതൃത്വം നൽകി. ജൂലൈ 5 നുള്ളിൽ എല്ലാ മേഖലകളിലും വാർഷികവും കൗൺസിലും പൂർത്തീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 52/2026* **രൂപതാ ജോയിന്റ് ഡയറക്ടേഴ്സ്, സീനിയർ ഓർഗനൈസേഴ്സ് മീറ്റ്**

2026-27 പ്രവർത്തന വർഷത്തെ പ്രഥമ ജോയിന്റ് ഡയറക്ടേഴ്സ്, സീനിയർ ഓർഗനൈസേഴ്സ് മീറ്റിംഗ് ജൂൺ 25 ന് മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

*CML 53/2026* **രൂപതാ മാനേജിംഗ് കമ്മിറ്റി**

ഈ പ്രവർത്തനവർഷത്തെ ആദ്യ മാനേജിംഗ് കമ്മിറ്റി ജൂലൈ 11 ന് രാവിലെ 10 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*CML 54/2026* **രൂപതാ കൗൺസിൽ, വാർഷികം**

2026-27 പ്രവർത്തന വർഷത്തെ രൂപതാ കൗൺസിലും 2025-26 വർഷത്തെ വാർഷികവും ജൂലൈ 11 ശനിയാഴ്ച മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

*CML 55/2026* **മതബോധന പരീക്ഷ 10,+2 ജേതാക്കൾ**

വേദപാഠ പരീക്ഷയിൽ 10,+2 ക്ലാസ്സുകളിൽ 90% ലധികം മാർക്ക് കരസ്ഥമാക്കിയ കുട്ടികളെ രൂപതാ വാർഷിക ദിനത്തിൽ ആദരിക്കു

ന്നു. ഇവരുടെ ഇടവക തല ലിസ്റ്റ് ജൂലൈ 5 ന് ഉള്ളിൽ +91 8848194020 എന്ന നമ്പറിലേക്ക് അയയ്ക്കുമല്ലോ.

*CML 56/2026* **മേഖല സാഹിത്യ മത്സരം**

ഈ വർഷത്തെ മേഖല സാഹിത്യമത്സരം ജൂലൈ 25 നാണ് ക്രമീകരിച്ചിരിക്കുന്നത്. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ കഥ, കവിത, ഉപന്യാസം എന്നീ മത്സരങ്ങളും ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ ആൺ-പെൺ വ്യത്യാസമില്ലാതെ ഇംഗ്ലീഷ് ഉപന്യാസ മത്സരവും ഉണ്ടായിരിക്കുന്നതാണ്. ഈ വർഷം വലിയ കലോത്സവം ആയതിനാൽ മൂന്ന് വിഭാഗങ്ങളിലും ജലച്ഛായ-ചിത്രരചന മത്സരവും ഉണ്ടായിരിക്കുന്നതാണ്. ഓരോ വിഭാഗത്തിലും രണ്ട് കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

*CML 57/2026* **മേഖല കലാമത്സരം**

ഈ വർഷത്തെ മേഖല കലാമത്സരങ്ങൾ ഓഗസ്റ്റ് 28 ന് അതാത് മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷം വലിയ കലോത്സവമായതിനാൽ പരിചമുട്ട്, മാർഗ്ഗംകളി, ബൈബിൾ ദൃശ്യാവിഷ്കരണം എന്നീ ഗ്രൂപ്പ് മത്സരങ്ങളും കഥാപ്രസംഗ മത്സരവും ഉണ്ടായിരിക്കും.

**മത്സര പ്രായപരിധി, മത്സര വിഷയങ്ങൾ**

**സബ്ജൂനിയർ:** 2014 ജനുവരി 1 നോ ശേഷമോ ജനിച്ചവരും സൺഡേ സ്കൂളിൽ 5-ാം ക്ലാസ്സിലോ അതിനു മുകളിലോ പഠിക്കുന്നവരുമായവർ.

**ജൂനിയർ:** 2011 ജനുവരി 1 - 2013 ഡിസംബർ 31

**സീനിയർ:** 2007 ജനുവരി 1 - 2010 ഡിസംബർ 31

**സൂപ്പർ സീനിയർ:** 2002 ജനുവരി 1 - 2006 ഡിസംബർ 31

**പ്രസംഗം (സബ് ജൂനിയർ)**

1. ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിന്റെ തേരാളികൾ ....

➢ **പ്രസംഗം (ജൂനിയർ)**

1. വി കൊച്ചുത്രേസ്യ ക്രിസ്തു സാക്ഷ്യത്തിന്റെ മകുടം...
2. എന്റെ സഭ, എന്റെ അഭിമാനം......

➢ **പ്രസംഗം (സീനിയർ)** വി. യോഹന്നാൻ 2

- പ്രസംഗം (സൂപ്പർ സീനിയർ) വി. യോഹന്നാൻ 4
- **ഉപന്യാസം, ചെറുകഥ, കവിത**

  ജൂനിയർ - വി. യോഹന്നാൻ 6

  സീനിയർ - വി. യോഹന്നാൻ 8

  സൂപ്പർ സീനിയർ - വി. യോഹന്നാൻ 9
- **മിഷൻ ക്വിസ് (ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ)**

1. വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 01 –06 (40%)
2. പ്രേഷിതവഴിയിലെ വിജയഗാഥ അധ്യായങ്ങൾ 6–11 (30%)
3. എന്റെ മിഷൻ ലീഗ് (20%)
4. സഭ (10%)

- **മത്സര ഇനങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ**

**സബ് ജൂനിയർ**

| | |
|---|---|
| ആൺകുട്ടികൾ | പ്രസംഗം, സംഗീതം, ബൈബിൾ വായന |
| പെൺകുട്ടികൾ | പ്രസംഗം, സംഗീതം, ബൈബിൾ വായന, |
| ആൺപെൺ വ്യത്യാസമില്ലാതെ | കഥാപ്രസംഗം, ചിത്രരചന (ജലച്ഛായം) |

**ജൂനിയർ**

| | |
|---|---|
| ആൺകുട്ടികൾ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| പെൺകുട്ടികൾ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| ആൺപെൺ വ്യത്യാസമില്ലാതെ | കഥാപ്രസംഗം, ചിത്രരചന (പെൻസിൽ) |

**സീനിയർ**

| | |
|---|---|
| ആൺകുട്ടികൾ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| പെൺകുട്ടികൾ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| ആൺപെൺ വ്യത്യാസമില്ലാതെ | കഥാപ്രസംഗം, ചിത്രരചന (പെൻസിൽ) |

**സൂപ്പർ സീനിയർ**

| | |
|---|---|
| പുരുഷന്മാർ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| സ്ത്രീകൾ | പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം ചെറുകഥ, കവിത |
| ആൺപെൺ വ്യത്യാസമില്ലാതെ | ചിത്രരചന |

**പ്രായപരിധിയില്ലാതെ**

| | |
|---|---|
| ആൺകുട്ടികൾ | പരിചമുട്ടുകളി |
| പെൺകുട്ടികൾ | മാർഗ്ഗംകളി |
| ആൺപെൺ വ്യത്യാസമില്ലാതെ | മിഷൻ ആന്തം, സമൂഹഗാനം, ബൈബിൾ ദൃശ്യാവതരണം |

*CML 58/2026* **സ്നേഹകൂടാരം**

രൂപതാ കുടുംബത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന സ്നേഹ കൂടാരം ഇതിനോടകം 78 ശാഖകളിൽ വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചു. ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും പിന്തുണയ്ക്കും സഹകരണത്തിനും ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുകയാണ്. ഈ പ്രവർത്തന വർഷം സ്നേഹകൂടാരം നടത്തുവാൻ താൽപര്യമുള്ള ഇടവകകൾ രൂപതാ ഭാരവാഹികളെ അറിയിക്കുമല്ലോ.

*CML 59/2026* **ചെറുസൂനം**

ചെറുസൂനം പരമാവധി നമ്മുടെ ഇടവകകളിൽ പ്രോത്സാഹിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു പ്രതിക്ക് 15/- രൂപ എന്ന നിലയിൽ 135/- രൂപയാണ് ഒരു കുട്ടിക്ക് വാർഷിക വരിസംഖ്യ. 4, 5, 6, 7, 8 ക്ലാസ്സുകളിൽ എങ്കിലും ചെറുസൂനം നിർബന്ധമാക്കി വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 60/2026* **സ്ക്രാച്ച് & വിൻ കൂപ്പൺ**

സ്ക്രാച്ച് & വിൻ കൂപ്പണിൽ ഒരു കാർഡിൽ 20/- രൂപയുടെ 10 സ്ക്രാച്ചുകൾ ആണുള്ളത്. 200/- രൂപയാണ് ഒരു കാർഡിൽ നിന്നും ലഭിക്കുന്ന തുക. അതിൽ 150/- രൂപ രൂപതയിൽ ഏൽപ്പിക്കേണ്ടതാണ്. 50/- രൂപ ശാഖകൾക്ക് എടുക്കാവുന്നതാണ്. ഒരു ശാഖയിലേക്ക് എത്ര

കൂപ്പണുകൾ ആണ് വേണ്ടതെന്ന് രൂപതാ ഭാരവാഹികളെ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 612026* **മിഷൻ ലീഗ് ആനിമേറ്റേഴ്സ് സംഗമം**

2026 ജൂൺ 25-ാം തീയതി വ്യാഴാഴ്ച മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടന്ന ആനിമേറ്റേഴ്സ് മീറ്റിംഗിൽ നൂറോളം ആനിമേറ്റേഴ്സ് പങ്കെടുത്തു.

*Director*

## കെ.സി.എസ്.എൽ

*KCSL. 12/2026* **ആനിമേറ്റേഴ്സ് സംഗമം**

2026 ജൂൺ 25-ാം തീയതി വ്യാഴാഴ്ച മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടന്ന ആനിമേറ്റേഴ്സ് മീറ്റിംഗിൽ നൂറോളം ആനിമേറ്റേഴ്സ് പങ്കെടുത്തു.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 18/2026* **രൂപത കൗൺസിൽ യോഗം**

ജൂൺ മാസം 2-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഫാമിലി അപ്പോസ്തലേറ്റ് കോതമംഗലം രൂപത കൗൺസിൽ യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ് അദ്ധ്യക്ഷത വഹിച്ചയോഗം രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റുമാർ ഓരോ ഫൊറോനയിലേയും പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഒക്ടോബർ പത്തിന് ജൂബിലി ദമ്പതി സംഗമം നടത്തുവാൻ തീരുമാനിച്ചു. റീന രാജീവ്, ജോളി കുമ്പാട്ട്, ലോറൻസ് ഏനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

*FA 19/2026* **ഫൊറോന കൺവെൻഷൻ**

ഫാമിലി അപ്പോസ്തലേറ്റ് ആരക്കുഴ ഫൊറോന കൺവെൻഷൻ 07.06.2026 ഞായറാഴ്ച ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ നടന്നു. ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. സമുദായ ശക്തീകരണം ദീപിക യിലൂടെ എന്ന വിഷയത്തിൽ ദീപിക ചീഫ് കോർഡിനേറ്റിംഗ് ഓഫീസർ ഫാ. ജിനോ പുന്നമറ്റത്തിൽ ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്, ഫൊറോന പ്രസിഡന്റ് ജോർജ്ജുകുട്ടി അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

ഫാമിലി അപ്പോസ്തലേറ്റ് വാഴക്കുളം ഫൊറോന കൺവെൻഷൻ ജൂൺ 14 ഞായറാഴ്ച വാഴക്കുളം സെന്റ് ജോർജ്ജ് ഫൊറോന പള്ളി ഹാളിൽ നടന്നു. ഫൊറോന ഡയറക്ടർ ഫാ. ജോർജ്ജ് പൊട്ടയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. ദീപിക ചീഫ് കോർഡിനേറ്റിംഗ് ഓഫീസർ ഫാ. ജിനോ പുന്നമറ്റത്തിൽ ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്, വൈസ് പ്രസിഡന്റ് റീന രാജീവ്, ഫൊറോന പ്രസിഡന്റ് സണ്ണി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

*FA 20/2026* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

2026 July 2 - 4
August 6 - 8, 20 - 22

*Director*

## പ്രവാസി അപ്പോസ്തലേറ്റ്

*PA 2/2026* **പ്രവാസി സംഗമം**

ജൂലൈ 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് കോതമംഗലം രൂപത പ്രവാസി സംഗമം നടത്തപ്പെടുന്നു. വി. കുർബാനയോടുകൂടി ആരംഭിക്കുന്ന പ്രസ്തുത സംഗമം 6 മണിക്ക് സമാപിക്കുന്നതാണ്. GCC

രാജ്യങ്ങളിൽ അവധിയായിരിക്കുന്ന സാഹചര്യത്തിൽ അവധിക്ക് നാട്ടിൽ വന്നിട്ടുള്ള എല്ലാവരെയും സ്നേഹപൂർവം ഈ സംഗമത്തിലേക്ക് ക്ഷണിക്കുന്നു.

*Director*

## പ്രോലൈഫ്

### *PL 4/2026* പ്രോ ലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമുകൾ

2026 മെയ് 17-ാം തീയതി കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് കാഞ്ഞിരപ്പള്ളി രൂപതയുടെ ആഭിമുഖ്യത്തിൽ വലിയ കുടുംബ സംഗമം നടത്തി 600 ഓളം പേർ പങ്കെടുത്തു. ജീവ വിസ്മയം മാജിക്ഷോയും അവതരിപ്പിച്ചു. അന്നേദിവസം തന്നെ വൈകുന്നേരം ആറുമണിക്ക് മൂവാറ്റുപുഴ ഹോളി മാഗി ഇടവക ഡോൺ ബോസ്കോ വാർഡ് വാർഷികത്തിന് സമുദായ ശക്തീകരണ മാജിക് ഷോ അവതരിപ്പിച്ചു. മെയ് മാസം 28-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയിലെ വണ്ടൻപതാൽ ഇടവകയിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ തിരുവചന വിസ്മയം ബൈബിൾ മാജിക് ഷോ അവതരിപ്പിച്ചു.

*Director*

## പിതൃവേദി

### *PV 9/2026* മൂവാറ്റുപുഴ ഫൊറോന പിതൃവേദി ഭാരവാഹികൾ

31-05-2026 ഞായറാഴ്ച രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട ഡയറക്ടർ ബഹു. ആന്റണി പുത്തൻകുളം അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മൂവാറ്റുപുഴ ഫൊറോനായിൽപ്പെട്ട ഇടവകകളിലെ കമ്മിറ്റി അംഗങ്ങളുടെ യോഗം മൂവാറ്റുപുഴ ഹോളി മാഗി പള്ളിയിൽ വച്ച് ചേർന്നു. പിതൃവേദിയുടെ ആവശ്യത്തെയും പ്രവർത്തനങ്ങളെയുംപറ്റി ഡയറക്ടർ അച്ചൻ വിശദമായി സംസാരിച്ചു. തുടർന്ന് ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി.

| | | |
|---|---|---|
| ഫൊറോനാ പ്രസിഡന്റ് | - | ശ്രീ. ജോൺ മാത്യു, കാരക്കുന്നം |
| വൈസ് പ്രസിഡന്റ് | - | ശ്രീ. ജോർജ് മാത്യു, നിർമ്മല മാതാ മൂവാറ്റുപുഴ |
| സെക്രട്ടറി | - | ശ്രീ. ഷൈൻ ജോസഫ്, ഹോളി മാഗി മൂവാറ്റുപുഴ |
| ജോയിന്റ് സെക്രട്ടറി | - | ശ്രീ. ഷാജി ജോസഫ്, ഈസ്റ്റ് വാഴപ്പിള്ളി |
| ട്രഷറർ | - | ശ്രീ. ബിനോയി ജോർജ്, നിർമ്മല മാതാ മൂവാറ്റുപുഴ |

രൂപതാ ട്രഷറർ ശ്രീ. ബിജു ജോയിയുടെ നന്ദി പ്രസംഗത്തിനു ശേഷം യോഗം അവസാനിച്ചു.

### *PV 10/2026* **പൈങ്ങോട്ടൂർ യൂണിറ്റ് പുതിയ ഭാരവാഹികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | - | ശ്രീ. മാണി പിട്ടാപ്പിള്ളിൽ | 9447578943 |
| വൈസ് പ്രസിഡന്റ് | - | ശ്രീ. ബേബി ചേമ്പാല | 9961006994 |
| സെക്രട്ടറി | - | ശ്രീ. ഡൊമിനിക് നെടുങ്ങാട്ട് | 9496500479 |
| ജോയിന്റ് സെക്രട്ടറി | - | ശ്രീ. പീയൂസ് നെല്ലിക്കാപ്പറമ്പിൽ | 9947407761 |
| ട്രഷറർ | - | ശ്രീ. ഇമ്മാനുവൽ കൊച്ചുമുട്ടം | 9744040425 |

*Director*

## മാതൃവേദി

### *MV 8/2026* **രൂപതാ കമ്മിറ്റി**

27/05/2026 ബുധനാഴ്ച 10.30 am ന് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ രൂപതാ സെനറ്റ് കൂടി. ആനിമേറ്റർ സി. ആനി തെരേസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് ജാൻസി മാത്യു അദ്ധ്യക്ഷത വഹിച്ചു. സെനറ്റ് മെമ്പർ മിനി ജോസ് എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. സെക്രട്ടറി ജൂഡി ഡാലു, ട്രഷറർ സിജി ജോമി എന്നിവർ യഥാക്രമം റിപ്പോർട്ട് അവതരണം, കണക്ക് അവതരണം ഇവ നടത്തി. ബഹു. ആന്റണി അച്ചൻ എല്ലാവർക്കുമായി ക്ലാസ്സ് എടുക്കുകയും Talent Fest 2026 നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് സെലിൻ ലൂയിസ് നന്ദി പറഞ്ഞു.

അന്നേ ദിവസം നവദമ്പതികളായ മാത്യൂസ്, എയ്ഞ്ചൽ (സെനറ്റ് മെമ്പർ സിൽജ ജോളിയുടെ മകൻ) എന്നിവരെ അനുമോദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും രൂപതാ മാതൃവേദി ചെറി

യൊരു സമ്മാനം കൈമാറുകയും ചെയ്തു. ഇത് വേറിട്ടൊരു അനുഭവം ആയിരുന്നു എന്ന് അവർ സന്തോഷത്തോടെ അറിയിച്ചു.

19-05-2026 ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ആനിമേറ്റർ സിസ്റ്ററും രൂപതാ ഭാരവാഹികളും മൈലക്കൊമ്പ് ദിവ്യരക്ഷാലയം, സാൻജോ ഭവൻ മുതലക്കോടം എന്നിവ സന്ദർശിച്ചു.

09-06-2026 ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ രൂപത കമ്മിറ്റി കൂടി. ജാൻസി മാത്യു അദ്ധ്യക്ഷത വഹിച്ചു. ആനിമേറ്റർ സിസ്റ്ററിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. Talent Fest 2026 ന് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി. ജൂലൈ 3 മാർത്തോമ്മാ ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് അമ്മമാർക്കായി രൂപതയിൽ പരമ്പരാഗത വേഷമായ മുണ്ടും ചട്ടയും അണിഞ്ഞ് റമ്പാൻ പാട്ട് നടത്തുന്നതിനെക്കുറിച്ചും, കയ്യെഴുത്തു മാസിക തയ്യാറാക്കുന്നതിനെക്കുറിച്ചും ആലോചിച്ചു.

*Director*

## യൂദിത്ത് മിനിസ്ട്രി

### *JM 7/2026* ഏകദിന കൺവെൻഷനും തിരഞ്ഞെടുപ്പും

മെയ് മാസം 29-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തി. രാവിലെ 10 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച ശുശ്രൂഷകൾക്ക് ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം നേതൃത്വം നൽകി. തുടർന്ന് നടന്ന ക്ലാസ്സിൽ പുതിയ നേതൃത്വത്തിന്റെ ആവശ്യകതയും ഒരു ക്രൈസ്തവ നേതൃത്വത്തെ എപ്രകാരം രൂപീകരിക്കാം എന്നും പറയുകയുണ്ടായി. ഉച്ചകഴിഞ്ഞ് മാതാവിന്റെ വണക്കമാസത്തോടനുബന്ധിച്ച് 14 ഫൊറോനകളെയും ഉൾപ്പെടുത്തി മരിയൻ ഗാനങ്ങൾ പാടി പരിശുദ്ധ അമ്മയോടുള്ള വണക്കം നടത്തി. തുടർന്ന് രൂപത യൂദിത്ത് നവോമി ഫോറത്തിന്റെ പുതിയ നേതൃത്വത്തെ ഏവരുടെയും അംഗീകാരത്തോടുകൂടെ തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ:**

| | | | |
|---|---|---|---|
| പ്രസിഡന്റ് | - | കെ. വി. മോളി, വെളിയേൽച്ചാൽ | 9072393232 |
| വൈസ് പ്രസിഡന്റ് | - | ലിസി സെബാസ്റ്റ്യൻ, മുതലക്കോടം | 7902583550 |
| സെക്രട്ടറി | - | റാണി കെ., വാഴക്കുളം | 9562231714 |
| ജോ. സെക്രട്ടറി | - | സെലിൻ ജോയി, ആനിക്കാട് | 7025516572 |
| ട്രഷറർ | - | കമീല ജോഷി, കോതമംഗലം | 9656688637 |

ജൂൺമാസം 2-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത എക്സിക്യൂട്ടീവ് കൂടുകയുണ്ടായി തദവസരത്തിൽ എടുത്ത തീരുമാനങ്ങൾ:

1. ലോക വിധവാദിനമായ ജൂൺ മാസം 23-ാം തീയതി നവോമിഫോറം അംഗങ്ങളെ വി. മറിയം ത്രേസ്യയുടെ സ്മൃതി മണ്ഡപത്തിൽകൊണ്ടുപോകുവാനും ഏകദിന ടൂർ പ്രോഗ്രാം ക്രമീകരിക്കുവാനും തീരുമാനിച്ചു.

2. ജൂലൈ 7-ാം തീയതി പുതിയ രൂപതാ ഭാരവാഹികളെ ചുമതല ഏൽപ്പിക്കാൻ തീരുമാനമെടുത്തു.

*Director*

## മദ്യവിരുദ്ധ സമിതി

### *MVS 12/2026* തൂഫാൻ കർമ്മപദ്ധതി ഗ്രാമങ്ങളിലേക്കും കൂടി വ്യാപിപ്പിക്കണം

സംസ്ഥാന ഗവൺമെന്റ് ലഹരിക്കെതിരെ നടപ്പാക്കുന്ന തൂഫാൻ കർമ്മപദ്ധതിക്ക് കെ.സി.ബി.സി. മദ്യലഹരി വിരുദ്ധ സമിതി രൂപത കമ്മിറ്റി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഗ്രാമങ്ങളിലെ ലഹരിവ്യാപനം തടയുന്നതിന് തൂഫാൻ കർമ്മപദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നും എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കണമെന്നും സമിതി നേതൃയോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

കത്തീഡ്രൽ പാരീഷ് ഹാളിൽ നടന്ന യോഗം കെ.സി.ബി.സി. മദ്യലഹരി വിരുദ്ധസമിതി രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ

അദ്ധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി ഡോ. ഫാ. മാത്യു കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ജോയ്സ് മുക്കുടം, സെബാസ്റ്റ്യൻ കൊച്ചടിവാരം, ജോയി പടയാട്ടിൽ, ബിജു വെട്ടിക്കുഴ, ജിജു വറുഗീസ്, ജോജോ എബ്രഹാം, മൈക്കിൾ കൈതക്കൽ, സിജോ കൊട്ടാരത്തിൽ, ജോമോൻ ജേക്കബ്, ജോമോൻ പാറയ്ക്കൽ, ജോബി ജോസഫ്, സുനിൽ സോമൻ, ജോയി പനയ്ക്കൽ, ഇമ്മാനുവൽ പി.എ. എന്നിവർ പ്രസംഗിച്ചു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 14/2026* **ദീപിക ശതോത്തര റൂബി ജൂബിലി**

ദീപികയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതോത്തര റൂബി ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മെയ് 31 ന് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ഉപരാഷ്ട്രപതി ശ്രീ. സി പി രാധാകൃഷ്ണൻ നിർവ്വഹിച്ചു. കേരള ഗവർണ്ണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി ശ്രീ V.D. സതീശൻ, രാഷ്ട്രദീപിക ചെയർമാൻ ഫ്രാൻസിസ് ക്ലീറ്റസ് എന്നിവർ പ്രസംഗിച്ചു. സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി ശ്രീ. മോൻസ് ജോസഫ്, ശ്രീ. ഫ്രാൻസിസ് ജോർജ് എം പി, കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, ദീപിക എം ഡി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചീഫ് എഡിറ്റർ ഫാ. ജോർജ്ജ് കുടിലിൽ, സി സി ഒ ഫാ. ജിനോ പുന്നമറ്റത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. DFC കോതമംഗം രൂപത ഡയറക്ടർ ബഹു. ആന്റണി പുത്തൻകുളം അച്ചന്റെ നേതൃത്വത്തിൽ രൂപത ഫൊറോന ഭാരവാഹികൾ പങ്കെടുത്തു.

*DFC 15/2026* **ദീപിക നമ്മുടെ ഭാഷ പദ്ധതി**

വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി ദീപിക ഒരുക്കിയിരിക്കുന്ന ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ കോതമംഗലം രൂപതാതല ഉദ്ഘാടനം ജൂൺ 9 ന് മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രാഷ്ട്ര ദീപിക ഡയറക്ടർ ബോർഡ് മെമ്പർ റവ. ഡോ. തോമസ് പോത്തനാമുഴി നിർവ്വഹിച്ചു. DFC രൂപത

ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്, സ്കൂൾ പ്രിൻസിപ്പാൾ ഫാ. പോൾ എടത്തൊട്ടി, ശ്രീ. ജേക്കബ് മിറ്റത്താനിക്കൽ, DFC സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, ഉപദേശക സമിതി ചെയർമാൻ ജോയി നടുക്കുടി, രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ് എന്നിവർ പ്രസംഗിച്ചു.

*DFC 16/2026* **ഫൊറോന കൺവെൻഷൻ**

DFC ആരക്കുഴ ഫൊറോന കൺവെൻഷൻ ജൂൺ 7 ഞായറാഴ്ച ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ നടന്നു. ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. ദീപിക ചീഫ് കോർഡിനേറ്റിംഗ് ഓഫീസർ ഫാ. ജിനോ പുന്നമറ്റത്തിൽ ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്, വൈസ് പ്രസിഡന്റ് സിബി പൊതൂർ, ഫൊറോന പ്രസിഡന്റ് പോൾ ലൂയിസ്, വൈസ് പ്രസിഡന്റ് മേരി പീറ്റർ എന്നിവർ പ്രസംഗിച്ചു.

DFC വാഴക്കുളം ഫൊറോന കൺവെൻഷൻ 14-06-2026 ഞായറാഴ്ച വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളി ഹാളിൽ നടന്നു ഫൊറോന ഡയറക്ടർ ഫാ. ജോർജ്ജ് പൊട്ടയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. സമുദായ ശക്തീകരണം ദീപികയിലൂടെ എന്ന വിഷയത്തിൽ ഫാ. ജിനോ പുന്നമറ്റത്തിൽ ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്, ഫൊറോന പ്രസിഡന്റ് ഫ്രാൻസിസ് മാനുവൽ എന്നിവർ പ്രസംഗിച്ചു.

*DFC 17/2026* **വിജയോത്സവം 2026**

SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ദീപിക ആദരിച്ചു. കോതമംഗലത്തു നടന്ന ചടങ്ങ് കോതമംഗലം MLA ശ്രീ. ഷിബു തെക്കുംപുറം ഉദ്ഘാടനം ചെയ്യുകയും കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു. ദീപിക കൊച്ചി റെസിഡന്റ് മാനേജർ ഫാ. ജോസഫ് കൊളുത്തുവള്ളിൽ അദ്ധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. മാത്യു കൊച്ചുപുരയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. DFC രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം, DFC സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

മൂവാറ്റുപുഴയിൽ നടന്ന ചടങ്ങ് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് പുന്നക്കോട്ടിൽ ഉദ്ഘാടനം ചെയ്യുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. മൂവാറ്റുപുഴ നഗരസഭാദ്ധ്യക്ഷ ശ്രീമതി ജോയിസ് മേരി മുഖ്യപ്രഭാഷണം നടത്തി. ദീപിക എംഡി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഡയറക്ടർ ബോർഡ് മെമ്പർ റവ. ഡോ. തോമസ് പോത്തനാമുഴി, DFC രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം, ഫൊറോന വികാരി റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്, DFC സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം. ഉപദേശക സമിതി ചെയർമാൻ ജോയി നടുക്കുടി, രൂപത പ്രസിഡന്റ് ഡിഗോൾ കെ.ജോർജ് എന്നിവർ പ്രസംഗിച്ചു.

*Co-ordinator*

## യുവദീപ്തി - K.C.Y.M

*YD 10/2026* **വി. തോമസ് മൂർ ദിനാചരണവും, അംഗത്വ സ്വീകരണവും**

രൂപതാതല വി. തോമസ് മൂർ ദിനാചരണവും, നവാഗതരായ യുവജനങ്ങളുടെ അംഗത്വ സ്വീകരണവും രാവിലെ 10 മണിയുടെ ആഘോഷമായ വിശുദ്ധ കുർബാനയോടുകൂടി ആലക്കോട് സെന്റ് തോമസ് മൂർ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. മെൽബിൻ കുര്യാക്കോസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി അനു ബേബി യോഗത്തിന് സ്വാഗതം ആശംസിച്ച് സംസാരിച്ചു. ആലക്കോട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് കടുകുംമാക്കൽ യോഗം ഉദ്ഘാടനം ചെയ്യുകയും നവാഗതരായ യുവജനങ്ങൾക്ക് തിരി തെളിച്ചു നൽകുകയും ചെയ്തു.

ചടങ്ങിൽ കെ.സി.വൈ.എം കോതമംഗലം രൂപത അസി. ഡയറക്ടർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും, നവാഗതർക്ക് ഔദ്യോഗിക അംഗത്വ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. മെൽബിൻ നവാഗതരെ ഷാൾ അണിയിച്ച് സംഘടനയിലേക്ക് സ്വീകരിച്ചു. തുടർന്ന്, രൂപത ആനിമേറ്റർ റവ. സി. റെറ്റി എഫ്.സി.സി യുവജനങ്ങൾക്ക് തിരുനാൾ ദിന ആശംസ കാർഡുകൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ജോർജ് അച്ചന്റെയും, ആനിമേറ്റർ ആൻ ജോസ്

സിസ്റ്ററിന്റെയും നേതൃത്വത്തിൽ യുവജനങ്ങൾക്ക് സ്നേഹോപഹാര ങ്ങളും സർട്ടിഫിക്കറ്റും നൽകി. യൂണിറ്റ് പ്രസിഡന്റ് ജോണറ്റ് ജോയ് യോഗത്തിന് ആശംസ അർപ്പിച്ച് സംസാരിച്ചു. തുടർന്ന്, വിശുദ്ധ തോമസ് മൂറിന്റെ രൂപസമക്ഷം നടന്ന ഭക്തിസാന്ദ്രമായ പുഷ്പാർച്ചന യ്ക്ക് കെ.സി.വൈ.എം തൊടുപുഴ ഫൊറോന പ്രസിഡന്റ് ശ്രീ. അലൻ എബ്രഹാം ഷൈൻ നേതൃത്വം നൽകി. രൂപതാ സെക്രട്ടറി ഡെൽജിൻ തങ്കച്ചൻ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി. രൂപത വൈസ് പ്രസി ഡന്റ് ജോബിൻ സണ്ണി, സെക്രട്ടറിമാരായ ഷെറിൻ ബിനു, എമിൽഡാ സജി, ട്രഷറർ ടിനു ടിജി, സംസ്ഥാന സെനറ്റ് അംഗങ്ങളായ ആൻ മ രിയ ജോസ്, ജോർജ് വർഗീസ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം സാവിയോ ജിജി, SMYM കൗൺസിലർ ലിബിൻ തോമസ് എന്നിവ രും, ഫൊറോന, യൂണിറ്റ് ഭാരവാഹികളും ചടങ്ങിൽ സന്നിഹിതരാ യിരുന്നു.

### *YD 11/2026* പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും യുവജന ദിനാഘോഷവും

യുവദീപ്തി കെ. സി. വൈ. എം കോതമംഗലം രൂപതയുടെ പ്ര വർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും യുവജന ദിനാഘോഷവും ജൂലൈ 5 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപു ഴ നിർമല കോളേജിൽ വച്ച് നടത്തപ്പെടുന്നു. മുഖ്യാഥിതിയായി പ്രശ സ്ത സംഗീത സംവിധായകൻ ശ്രീ. മെജോ ജോസഫ് എത്തുന്ന ചട ങ്ങിൽ കോതമംഗലം രൂപത ചാൻസിലർ റവ. ഡോ. ജോസ് കുളത്തൂർ ഉദ്ഘാടനം നിർവഹിക്കുന്നു. കോതമംഗലം രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള മുഴുവൻ യുവജനങ്ങളെയും സ്വാഗതം ചെയ്യുന്നു.

*Director*

## ജീസസ് യൂത്ത്

### *JY 12/2026* CPG , HOUSEHOLD & The Seraphic Stage Zonal Night Vigil

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം

തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ

ജൂലൈ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 5-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് മൈലക്കൊമ്പ് സാൻ പിയോ സെന്ററിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും കോതമംഗലം സബ് സോണിന്റേത് സെന്റ് ജോസഫ് അസൈലം ഹോമിൽ വച്ചും നടത്തപ്പെടുന്നതാണ്.

ജൂലൈ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 10-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 13/2026* **Teens Of Christ**

കോതമംഗലം സോണിലെ teenage കുട്ടികൾക്കായുള്ള monthly gathering ജൂലൈ 11, രണ്ടാം ശനിയാഴ്ച മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 14/2026* **Leaders Grooming Project**

കോതമംഗലം സോൺ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ സോണിൽ തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സിനായി leaders Grooming Project നടത്തപ്പെടുന്നു. ഒരു വർഷത്തെ പരിശീലനം ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ project ജൂലൈ 4 ശനിയാഴ്ച്ചയോടെ നെസ്റ്റിൽ ആരംഭിക്കുന്നു.

*Animator*

## St. Vincent De Paul Society

*SV 10/2026* **വാർഷികങ്ങൾ**

AC വാർഷികങ്ങൾ 14 AC കളിലും പൂർത്തിയായി. വാർഷികങ്ങളിൽ കോൺഫറൻസുകളുടെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചതിൽ നിന്നും ഏതൊക്കെ കോൺഫറൻസുകളിൽ എന്തൊക്കെ പുരോഗതികൾ വന്നിട്ടുണ്ട്, കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ എടുക്കണം എന്ന് അവലോകനം നടത്തി.

Year plan തയ്യാറാക്കി കോൺഫറൻസുകളിൽ നടപ്പാക്കാനും തീരുമാനിച്ചു. ഉപയോഗിച്ചതും എന്നാൽ ഉപയോഗയോഗ്യവുമായ, വസ്ത്രങ്ങൾ, ഫർണീച്ചറുകൾ, ഇലക്ട്രോണിക്, ഇലക്ട്രിക് ഉപകരണ

ങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് അർഹരായവർക്ക് പുനർവിതര ണം നടത്തുന്ന ഒരു പദ്ധതി നടപ്പാക്കാൻ നിർദ്ദേശമുണ്ടായി.

*SV 11/2026* **68 –ാമത് സി സി വാർഷികം**

68–ാമത് സി സി വാർഷികം ജൂൺ 6 ശനിയാഴ്ച്ച 2.30 pm ന് വാഴക്കുളം (VJCET) വിശ്വജ്യോതി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മുഖ്യാതിഥിയായി പങ്കെടുത്ത യോഗത്തിൽ നവതി ആഘോഷിക്കുന്ന വല്യപിതാവ് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് പുന്നക്കോട്ടിലിനെ പൊന്നാടയണിയിച്ച് ആദരിച്ചു. സപ്തതി ആഘോഷിക്കുന്ന മഠത്തിക്കണ്ടത്തിൽ പിതാവിനെയും പൊന്നാട അണിയിച്ച് ആദരിച്ചു. കോതമംഗലം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ബേബി ജോസഫ് തെക്കേച്ചെരുവിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി സി ജോയിന്റ് സെക്രട്ടറി ബ്ര. ജോസ് കുര്യൻ കുമ്പാട്ട് സ്വാഗതവും സിസി വനിത പ്രതിനിധി സി. ടെസ്സി മെൽവിൻ കൃതജ്ഞതയും അർപ്പിച്ചു. സി സിയുടെ 25–26 ലെ വാർഷിക റിപ്പോർട്ട് സിസി സെക്രട്ടറി ബ്ര. ജോസ് കുര്യൻ കൂനംപാറയിലും, വാർഷിക കണക്കുകൾ സിസി ട്രഷറർ ബ്ര. ജേക്കബ് തോമസ് മുണ്ടത്താനത്തും, വിദേശ കണക്കുകൾ ജോയന്റ് ട്രഷറർ ബ്ര. സേവ്യർ കരിഞ്ഞോളിലും അവതരിപ്പിച്ചു. സൊസൈറ്റി അംഗങ്ങളുടെ മക്കളായ നവവൈദികരെയും, മത്സര പരീക്ഷകളിൽ റാങ്കും, തത്തുല്യ വിജയവും കരസ്ഥമാക്കിയ കുട്ടികളെയും ആദരിച്ചു.

70, 50, 25 വർഷം വിൻസെൻഷ്യൻ പ്രവർത്തനം പൂർത്തിയാക്കിയവരെ യോഗത്തിൽ മൊമെന്റോ നൽകി ആദരിച്ചു. 14 ഏരിയ കൗൺസിലുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും മികച്ച 14 കോൺഫറൻസുകൾ പിതാവിൽ നിന്നും ട്രോഫി ഏറ്റുവാങ്ങി.

സിസിയിലെ ഏറ്റവും മികച്ച വനിതാ കോൺഫറൻസായി 2–ാം വർഷവും തിരഞ്ഞെടുക്കപ്പെട്ട മുതലക്കോടം സെന്റ് ജോർജ്ജ് കോൺഫറൻസ് വനിതകളും ട്രോഫി ഏറ്റുവാങ്ങി.

ഏരിയ കൗൺസിലുകളുടെ ഓഡിറ്റ് ഉടൻ ആരംഭിക്കും.

അഗ്രിഗേഷൻ ലഭിക്കാനുള്ള എല്ലാ കോൺഫറൻസുകളുടേയും Aggregation form പൂരിപ്പിച്ച് നാഷണൽ കൗൺസിൽവഴി പാരീസിലു

ള്ള ഇന്റർനാഷണൽ കൗൺസിൽ ജനറൽ ഓഫീസ് വഴി ലഭ്യമാക്കാനും തീരുമാനിച്ചു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 11/2026* **നന്ദി, സ്വാഗതം**

കഴിഞ്ഞ പത്ത് വർഷക്കാലം രൂപത KLM ഡയറക്ടറായി ശുശ്രൂഷ ചെയ്ത് KLM സംസ്ഥാന ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന ബഹുമാനപ്പെട്ട അരുൺ വലിയത്താഴത്തച്ചന് KLM രൂപത കുടുംബത്തിന്റെ നന്ദിയും ആശംസകളും നേരുന്നു. KLM ന്റെ പുതിയ രൂപത ഡയറക്ടറായി ചുമതലയേറ്റ ബഹുമാനപ്പെട്ട ജീവൻ മഠത്തിലച്ചന് ഹൃദ്യമായ സ്വാഗതവും ആശംസകളും നേരുന്നു.

*KLM 12/2026* **റീജിയണൽ മീറ്റിംഗുകൾ**

KLM ന്റെ റീജയണൽ മീറ്റിംഗുകൾ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, കരിമണ്ണൂർ എന്നിവിടങ്ങളിൽ വച്ച് ജൂൺ 12, 17, 19, 23 എന്നീ തീയതികളിൽ നടന്നു.

*KLM 13/2026* **റീസോഴ്സ് ടീം രൂപീകരണം**

KLM ന്റെ രൂപത പ്രവർത്തനങ്ങളെക്കുറിച്ചും ക്ഷേമനിധികളെക്കുറിച്ചും ഇടവകകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നയിക്കുവാൻ രൂപതാതലത്തിൽ റീസോഴ്സ് ടീം രൂപീകരിക്കുകയും അവർക്കുള്ള ട്രെയിനിംഗ് ക്ലാസ്സുകൾ ജൂൺ 30-ാം തീയതി നെസ്റ്റിൽ വച്ച് നടത്തുകയും ചെയ്തു.

*KLM 14/2026* **ഡൊമസ്റ്റിക് ഡേ ആഘോഷം**

കേരളാ ലേബർ മൂവ്മെന്റ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ ജൂൺ 16-ാം തീയതി രാവിലെ 11 മുതൽ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ഡൊമസ്റ്റിക് ഡേ ആഘോഷങ്ങൾ സംഘടിപ്പിച്ചു. ഗാർഹിക തൊഴിലാളി ഫോറം, രൂപതാ, മേഖല, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

### *KLM 15/2026* TUA മീറ്റിംഗ്

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള ട്രേഡ് യൂണിയൻ അലയൻസിന്റെ രൂപതാ സമ്മേളനം 19.07.2027 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് NESTT പാസ്റ്ററൽ സെന്ററിൽ ചേരും. എല്ലാ ഫോറ ളുടേയും രൂപതാ സോണൽ ഭാരവാഹികളാണ് പങ്കെടുക്കേണ്ടത്.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**July 2026**

| | |
|---|---|
| 2-4 | Pre Marriage Course |
| 7 | Unarv |
| 12- 17 | Priests' Annual Retreat |
| 19- 24 | Priests' Annual Retreat |
| 27- 30 | Retreat |

*Director*

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Thanikunnel Alex | **July** | 9 |
| Rev. Mgr. | Kodakallil Kuriakose | " | 15 |
| Rev. Fr. | Kureekattil Kurian | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |

| | | | |
|---|---|---|---|
| Rev. Fr. | Kalapurayil James | " | 25 |
| " | Kallarackal James | " | 25 |
| " | Karakompil James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| ". | Panachickal James | " | 25 |
| ". | Parackanaal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2026**

26 • വാഴക്കാല Casa Di San Guiseppe (തച്ചന്റെ വീട്) ൽ വി. ഫിലിപ് നേരിയുടെ തിരുന്നാളിൽ വി. കുർബാനയർപ്പിച്ചു.

27 • മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന Genz Follow Up (BEYOND) മീറ്റിംഗിൽ കുട്ടികളുമായി സംവദിച്ചു.

• തൊടുപുഴ പള്ളിയിൽ വച്ച് നിരപ്പേൽ എയ്ഞ്ചേലിന്റെയും പെല്ലിശ്ശേരി അർജുന്റേയും വിവാഹ വാഗ്ദാന കർമത്തിന് കാർമ്മികത്വം വഹിച്ചു.

28 • സി.എം.ഐ മൂവാറ്റുപ്പുഴ പ്രവിശ്യയുടെ സുപ്പീരിയർമാരുടെ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

• ബഹു. ഇമ്മാനുവൽ ആര്യപ്പിള്ളിൽ അച്ചന്റെ ഒന്നാം ചരമ വാർഷികത്തിൽ അരിക്കുഴ പള്ളിയിൽ വി. കുർബാനയർപ്പിച്ചു.

29 • തിരുഹൃദയ സന്യാസിനീ സമൂഹാംഗമായ സി. അലീസിയ മണിമലക്കുടിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

30 ● തൊടുപുഴ റാണിഗിരി സി.എം.സി. മഠത്തിന്റെ ചാപ്പൽ പുനർ കൂദാശകർമ്മം നിർവഹിച്ചു.

● എസ്. ഡി. സന്യാസിനി സമൂഹാംഗമായ സി. സെർവിയ ആറ്റുപുറത്തിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

● എം.എസ്.ജെ. സന്യാസസമൂഹത്തിന്റെ മുത്തംകുഴിയിലുള്ള മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

31 ● 2026-27 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ രൂപതാതല ഉദ്ഘാടനം കരിമണ്ണൂർ ഫൊറോന പള്ളിയിൽ വച്ച് നടത്തി. തദവസരത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

● മുൻ മന്ത്രിയും കോതമംഗലം എം.എൽ.എ.യുമായിരുന്ന ഷെവ. റ്റി.യു. കുരുവിളയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**ജൂൺ 2026**

02-03 ● പാലാരിവട്ടം പി.ഒ.സിയിൽ കെസി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

05 ● ബഹു. ചെറിയാൽ വാരികാട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വി. കുർബാന അർപ്പിച്ചു.

06 ● തഴുവംകുന്ന് ഇടവകയിൽ ബഹു. ജോസഫ് ചാരനാൽ അച്ചന്റെ വല്യപ്പച്ചൻ തോമസ് ഐപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● നിർമ്മല, ന്യൂമാൻ കോളേജുകൾ സംയുക്തമായി നെസ്റ്റിൽ വച്ച് നടത്തിയ Higher Education Summit ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

07 ● മൈനർ സെമിനാരിയിൽ പുതുതായി അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ സ്വീകരിക്കുകയും അവരുടെ ബന്ധുജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

08 ● ചീനിക്കുഴി സാൻജോസ് ഹോമിൽ വി. കുർബാന അർപ്പിച്ച് അവിടെയുള്ള അന്തേവാസികളോടൊത്ത് സമയം പങ്കിടുകയും ചെയ്തു.

● കേരളത്തിന്റെ വനംവകുപ്പ് മന്ത്രി ബഹു. ഷിബു ബേബി ജോണിനെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ച് അദ്ദേഹത്തോടും

മറ്റു ജനപ്രതിനിധികളോടുമൊപ്പം ആലുവ-മൂന്നാർ രാജപാതയെക്കുറിച്ചും വന്യമൃഗ പ്രതിസന്ധികളെക്കുറിച്ചും ചർച്ച നടത്തി.

10 • ബഹു. ചെറിയാൽ വാരികാട്ട് അച്ചന്റെ അനുസ്മരണാർത്ഥം എം.എസ്. ജെ. ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

11 • മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ ഒ.സി.ഡി. സഭാംഗമായ ബഹു. തോബിയാസ് തെക്കേകുരിക്കാട്ടുകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• മാർ എപ്രേം തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ അദ്ധ്യയന വർഷത്തെ കോഴ്സുകൾ എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ ചേർന്ന യോഗത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

12 • തിരുഹൃദയതിരുനാൾദിനത്തിൽ പൈങ്കുളം എസ്. എച്ച്. ഹോസ്പിറ്റലിൽ വി. കുർബാന അർപ്പിച്ചു.

13 • മൈലക്കൊമ്പ് പള്ളിയിൽ വച്ച് ഓടയ്ക്കൽ അനീഷ്-മരിയ ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി.

• വിജ്ഞാനഭവന്റെ ആഭിമുഖ്യത്തിൽ വാഴക്കുളം വിശ്വജ്യോതി കോളേജിൽ നടന്ന വിശ്വാസപരിശീലകരുടെ രൂപതാതല കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മികച്ച ഇടവകകൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

16 • വാഴപ്പിള്ളി ശാന്തിനിലയം പ്രീസ്റ്റ് ഹോമിൽ വി. കുർബാന അർപ്പിച്ച് പ്രീസ്റ്റ് ഹോം വെഞ്ചരിച്ചു.

• ചിറ്റൂർ ഇടവകയിൽ കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡന്റ് ജെറിൻ മംഗലത്തുകുന്നേലിന്റെ പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 • നെസ്റ്റിൽ വച്ച് നടന്ന വൈദികരുടെ സ്റ്റഡിഫോറത്തിൽ പങ്കെടുത്തു.

• എസ്.എ.ബി.എസ്. സന്യാസിനി സമൂഹാംഗമായ സി. സെലിൻ പഞ്ഞിക്കാരന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മാറിക മഠത്തിൽ കാർമ്മികത്വം വഹിച്ചു.

18 • വിൻസെൻഷ്യൻ സഭാംഗമായ ബഹു. മൈക്കിൾ പനച്ചിക്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ അടിച്ചിറ പരിത്രാണ റിട്രീറ്റ് സെന്ററിൽ വി. കുർബാന അർപ്പിച്ചു.

20 • സി.എം.സി. സന്യാസിനി സമൂഹാംഗമായ സി. ആഗ്നറ്റ് മുഴുത്തേറ്റിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കോതമംഗലം സി.എം.സി. മഠത്തിൽ കാർമ്മികത്വം വഹിച്ചു

• സീറോ മലബാർ ഡോക്ട്രിനൽ കമ്മീഷന്റെയും മീഡിയ കമ്മീഷന്റെയും അഭിമുഖ്യത്തിൽ ലെയൊ പതിനാലാമൻ മാർപാപ്പയുടെ ആദ്യത്തെ ചാക്രികലേഖനമായ Magnifica Humanitas നെ സംബന്ധിച്ച് നടത്തപ്പെട്ട വെബിനാറിൽ പങ്കെടുത്തു.

24 • ബഹു. പയസ് അത്തിക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കരിമണ്ണൂർ പള്ളിയിൽ കാർമികത്വം വഹിച്ചു.

25 • അപകടത്തിൽ മരണപ്പെട്ട തൊടുപുഴ ഇടവകാംഗമായ ജോയൽ ജോസ്‌ലിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

• ഏനാനല്ലൂർ ഇടവകാംഗമായ മലേക്കുടിയിൽ മേരി എബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

## Bishop's Engagements

### July 2026

| | | | |
|---|---|---|---|
| 01 | Wed | Academic Year Inauguration | Nirmala College |
| | | Academic Year Inauguration | Newman College |
| | | Holy Qurbana and Blessing | Dharmagiri |
| 02 | Thu | Holy Qurbana | Sanjo Bhavan Muthalakodam |
| 03 | Fri | Dukrana- Holy Qurbana | Mailacombu |
| 11 | Sat | CML Eparchial Council | NESTT |
| | | Holy Qurbana and Youth Retreat | ASJM Vazhakulam |
| 12-17 | Sun-Fri | Priests' Annual Retreat-Batch 1 | NESTT |

| | | | |
|---|---|---|---|
| 19-24 | Sun-Fri | Priests' Annual Retreat-Batch 2 | NESTT |
| 24 | Fri | Holy Qurbana | Bharananganam |
| 25 | Sat | Kaikars' Meeting | NESTT |
| 26 | Sun | Hail Mary Band gathering | NESTT |
| | | Holy Qurbana and Pravasi Sangamam | NESTT |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ,, | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ,, | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr) | ,, | 07-08-2002 |
| ഫാ. ജോർജ് എടാട്ടേൽ | ,, | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ,, | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ,, | 25-08-1984 |
| ഫാ. ജോൺ കൊടിയമ്മാനാൽ | ,, | 25-08-2020 |
| ഫാ. ജോസഫ് അറയ്ക്കൽ | ,, | 25-08-2022 |
| ഫാ. ജോസ് കോടമുള്ളിൽ | ,, | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ,, | 31-08-2000 |

## നിര്യാതരായി

### സി. സെർവിയ ആറ്റുപുറത്ത് SD



| | |
|---|---|
| ഇടവക | - മാറിക |
| ജനനം | - 31-03-1943 |
| ആദ്യവ്രതം | - 06-01-1969 |
| നിത്യവ്രതം | - 29-05-1975 |
| മരണം | - 28-05-2026 |
| മൃതസംസ്കാരം | - 30-05-2026 (കോഴിപ്പിള്ളി) |

## സി. മേരി തെയോഡേഷ്യ വെളിയന്നൂർക്കാരൻ SH



ഇടവക - കാരക്കുന്നം
ജനനം - 17-03-1939
ആദ്യവ്രതം - 02-05-1965
നിത്യവ്രതം - 25-07-1970
മരണം - 09-06-2026
മൃതസംസ്കാരം - 10-06-2026 (മൈലക്കൊമ്പ്)

## സി. സെലിൻ പഞ്ഞിക്കാരൻ SABS



ഇടവക - മരുത്തോർവട്ടം, ചേർത്തല
ജനനം - 03-04-1946
ആദ്യവ്രതം - 24-04-1970
നിത്യവ്രതം - 18-10-1975
മരണം - 16-06-2026
മൃതസംസ്കാരം - 17-06-2026 (മാറിക)

## സി. ആഗ്നറ്റ് CMC മുഴുത്തേറ്റ് (കണ്ണംതടത്തിൽ)



ഇടവക - നെടിയശാല
ജനനം - 11-10-1943
ആദ്യവ്രതം - 15-04-1964
നിത്യവ്രതം - 30-04-1968
മരണം - 19-06-2026
മൃതസംസ്കാരം - 20-06-2026 (കോതമംഗലം)

## സി. ബിയാട്രീസ് കാലായിൽ SH



ഇടവക - വാഴക്കുളം
ജനനം - 16-07-1938
ആദ്യവ്രതം - 02-05-1962
നിത്യവ്രതം - 02-05-1967
മരണം - 29-06-2026
മൃതസംസ്കാരം - 30-06-2026 (മൈലക്കൊമ്പ്)

# ആദരാഞ്ജലികൾ



## റവ. ഫാ. ചെറിയാൻ വാരികാട്ട്

| | | |
|---|---|---|
| ഇടവക | : | ചിലവ് |
| ജനനം | : | 21 - 06 - 1957 |
| തിരുപ്പട്ടം | : | 21 - 12 - 1981 |
| മരണം | : | 03 - 06 - 2026 |
| മൃതസംസ്കാരം | : | 05 - 06 - 2026 |

സേവനരംഗങ്ങൾ

അസ്തേന്തി - മാറിക, ചുരുളി

വികാരി - കൈലാസം - മാവടി, നേര്യമംഗലം, അംബികാപുരം, വാഴത്തോപ്പ്- മഞ്ചിക്കവല - പൈനാവ്, നെയ്യശ്ശേരി

പ്രൊഫസർ - തൃശ്ശൂർ മേരി മാതാ മേജർ സെമിനാരി

വിസിറ്റിംഗ് പ്രൊഫസർ - വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി

മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി

കോതമംഗലം മൈനർ സെമിനാരി റെക്ടർ, വിജ്ഞാനഭവൻ ഡയറക്ടർ

രൂപത പ്രെസ്ബിറ്ററൽ കൗൺസിൽ മെമ്പർ, രൂപത പ്രോക്യൂറേറ്റർ

പോസ്റ്റുലേറ്റർ - ധന്യൻ ജോസഫ് പഞ്ഞിക്കാരൻ (റോം)

ജനറൽ കോർഡിനേറ്റർ - അപ്പസ്തോലിക് വിസിറ്റേഷൻ യൂറോപ്പ്

# ആദരാഞ്ജലികൾ



## റവ. ഫാ. പയസ് അത്തിക്കൽ

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 20 - 05 - 1946 |
| തിരുപ്പട്ടം | : | 23 - 10 - 1972 |
| മരണം | : | 22 - 06 - 2026 |
| മൃതസംസ്കാരം | : | 24 - 06 - 2026 |

സേവനരംഗങ്ങൾ

അസ്തേന്തി - വാഴക്കുളം, വാഴത്തോപ്പ്, മണിയാറംകുടി

വികാരി - കൂത്തുപാറ, കാൽവരിഗിരി ബൈസൺവാലി, കുഞ്ചിത്തണ്ണി, മുക്കുടം, ഉദയഗിരി

പ്രൊവികാരി - കലൂർ, മാങ്കുളം - ആനക്കുളം

ഹെഡ് മാസ്റ്റർ- സെന്റ് ജോൺസ് യു പി സ്കൂൾ കലൂർ, കോടിക്കുളം SMHS, ഇരട്ടയാർ സെന്റ് തോമസ് HS, മാങ്കുളം SM HS, പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ സ്കൂൾ,

റെസിഡന്റ് പ്രീസ്റ്റ് - കോടിക്കുളം, കാളിയാർ

ഡയറക്ടർ - ലുമെൻ കോളേജ് കുഞ്ചിത്തണ്ണി

Deivarajyam
July 2026

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/07/2026
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691